# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ഓച്ചിറ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM/P8/2233/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 28/12/2023
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
ഓച്ചിറ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM/P8/2233/2023 തീയ്യതി: 28/12/2023

## കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 07-09-2022 മുതൽ 02-12-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 07-09-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 21 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അനിൽകുമാർ എസ്. | ഡെപ്യൂട്ടി ഡയറക്ടർ | 04-12-2023 | 11-12-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 04-12-2023 | 11-12-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി പ്രീത എസ്.എസ്., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)

ശ്രീ.അരുൺജിത്ത് ജി., സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീമതി ദിവ്യ ജെ.,സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീ.സുനിൽകുമാർ യു.എസ്.,സീനി.ഗ്രേഡ് ഓഡിറ്റർ

ശ്രീ.രാഹുൽ ആർ.ആർ.,ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ബി.ശ്രീദേവി | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ. ജി. രാധാകൃഷ്ണൻ | സെക്രട്ടറി | 01-04-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ശ്രീരേഖ സി. | അസ്സി.എഞ്ചിനീയർ | 01-04-2022 | 03-10-2022 |
| ശ്രീ.കെ.ജയകുമാർ | അസ്സി.എഞ്ചിനീയർ | 04-10-2022 | 31-03-2023 |
| ശ്രീമതി ശീതൾ ശിവൻകുട്ടി | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| ഡോ.രമ എസ്. | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| ശ്രീമതി നീതു യു. | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.സന്തോഷ്കുമാർ | ഹെഡ്മാസ്റ്റർ | 01-04-2022 | 31-03-2023 |
| ശ്രീമതി അമൃത | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ഡോ.സുനിൽകുമാർ | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-04-2022 | 31-10-2022 |
| ഡോ.ബീന | മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) | 01-11-2022 | 31-03-2023 |
| ഡോ.രശ്മി എസ്.രാജ് | മെഡിക്കൽ ഓഫീസർ (ആയുർ) | 01-04-2022 | 31-03-2023 |
| ഡോ.സുബിമോൾ കെ.ബി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2022 | 03-11-2022 |
| ഡോ.മകുടം തമ്പി | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 04-11-2022 | 03-03-2023 |
| ഡോ.സുബിമോൾ കെ.ബി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 04-03-2023 | 31-03-2023 |
| ശ്രീ.രാജേന്ദ്രൻ സി. | അസ്സി.സെക്രട്ടറി | 01-04-2022 | 13-04-2022 |
| ശ്രീ.സജീവ് സി. | അസ്സി.സെക്രട്ടറി | 14-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| ശ്രീമതി അനീഷ്യ എസ് | വി.ഇ.ഒ. | 01-04-2022 | 31-03-2023 |
| ശ്രീമതി രതി റ്റി.ജെ. | വി.ഇ.ഒ. | 01-04-2022 | 31-08-2022 |
| ശ്രീമതി ശാന്തി | വി.ഇ.ഒ. | 31-08-2022 | 31-03-2023 |

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല. | 1-1-1 |
| 3 | ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല. | 1-1-2 |
| 4 | ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രികയിൽ "ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് ക്രഡിറ്റഡ് ബൈ ബാങ്ക് " ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല. | 1-1-3 |
| 5 | രസീത് തെറ്റായ ശീർഷകത്തിൽ നല്കി. | 1-1-4 |
| 6 | തുക ചെലവുചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല. | 1-1-5 |
| 7 | ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ വെബ് സാംഖ്യ എ.സി.ആർ-ൽ നിന്നും ഒഴിവാക്കിയില്ല. | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല. | 1-1-8 |
| 10 | ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ഇല്ല. | 1-1-9 |
| 11 | വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. | 1-1-10 |
| 12 | ബജറ്റ് | 1-2 |
| 13 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 14 | ഗ്രാന്റ് / ഫണ്ട് വിനിയോഗം | 1-4 |
| 15 | പദ്ധതി അവലോകനം | 1-5 |
| 16 | മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 17 | ക്ഷേമപദ്ധതികൾ | 1-7 |
| 18 | ക്യാഷ് പരിശോധന | 1-8 |
| 19 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 20 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 21 | ലേല നടപടികൾ സ്വീകരിച്ചില്ല. | 1-11 |
| 22 | ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. | 1-12 |

| | | |
|---|---|---|
| 23 | തനതു വരുമാനം - അവലോകനം | 1-13 |
| 24 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിന്റെ ഭൂനികുതി അടവാക്കിയില്ല. | 1-14 |
| 25 | പകൽവീട് പ്രവർത്തന സജ്ജമാക്കിയില്ല. | 1-15 |
| 26 | കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല. | 1-16 |
| 27 | K.M.S.C.L-ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 1-17 |
| 28 | ദേശീയപാത വികസനം - നഷ്ടപരിഹാരം ലഭിച്ചില്ല. | 1-18 |
| 29 | അനുവദിച്ച തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. | 1-19 |
| 30 | ഇൻഷ്വറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികളിൽ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കി. | 1-20 |
| 31 | MGNREGS - മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി - 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തില്ല. | 1-21 |
| 32 | അധികം നൽകിയ വാഹന വാടക ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ അടച്ചില്ല. | 1-22 |
| 33 | പുതിയ തുറന്ന കിണർ നിർമ്മാണം - ഗ്രാമസഭ അംഗീകരിയ്ക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. | 1-23 |
| 34 | കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്ന് അധികം തുക ചെലവഴിച്ചു. | 1-24 |
| 35 | ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിച്ചില്ല. | 1-25 |
| 36 | ഹരിതകർമ്മസേന പ്രവർത്തന അവലോകനം | 1-26 |
| 37 | പദ്ധതി ആസൂത്രണത്തിലെ പിഴവ് - പ്രോജക്റ്റുകൾ സ്പിൽ ഓവർ ആകുന്നു, ഫണ്ട് ലാപ്സ് ആകുന്നു. | 1-27 |
| 38 | വസ്തുനികുതി കുടിശ്ശിക പിരിച്ചെടുത്തില്ല. | 1-28 |
| 39 | ജൽജീവൻ മിഷൻ പൈപ്പ് ലൈൻ സ്ഥാപിച്ചതുമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണം നടപ്പിലായിട്ടില്ല. | 1-29 |
| 40 | പൊതുമരാമത്ത് പദ്ധതികൾ സമയബന്ധിതമായി നടപ്പിലാകുന്നില്ല. | 1-30 |
| 41 | മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-31 |
| 42 | ഇ-പേയ്മെന്റ് അക്കൗണ്ടിൽ എല്ലാ വരവ് തുകകളും ക്രഡിറ്റ് ആകുന്നില്ല. | 1-32 |
| 43 | കണ്ടിജൻസി ചെലവുകൾക്ക് അനുവദിച്ച അഡ്വാൻസുകൾ ക്രമീകരിച്ചില്ല. | 1-33 |
| 44 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയില്ല. | 1-34 |
| 45 | കടമുറികളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അനധികൃത ഇളവ് അനുവദിച്ചിരിക്കുന്നു. | 1-35 |
| 46 | അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസിയർ സാക്ഷ്യപ്പെടുത്തിയ അളവുകൾ | 1-36 |

| | | |
|---|---|---|
| | പരിഗണിക്കാതെ വസ്തു നികുതി നിർണ്ണയിച്ചു. | |
| 47 | സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചു. | 1-37 |
| 48 | വാണിജ്യാവശ്യത്തിനുള്ള കടമുറികളുടെ നികുതി നിർണ്ണയത്തിൽ നിയമാനുസൃതമല്ലാത്ത ഇളവ് അനുവദിച്ചു. | 1-38 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| 1 | പുതിയ തുറന്ന കിണർ നിർമ്മാണം - ഗ്രാമസഭ അംഗീകരിയ്ക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. | 3-1 |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-8 |
| 9 | ചാർജ് / സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സാക്ഷ്യപത്രം

I. കേരള പഞ്ചായത്ത് രാജ് ആക്റ്റ് 1994 ലെ സെക്ഷൻ 215(4), കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3 എന്നിവയും സംസ്ഥാന ഗവൺമെന്റ് / കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും അനുവർത്തിക്കേണ്ട നിർദ്ദേശങ്ങളും അനുസരിച്ച് തയ്യാറാക്കിയ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 31-03-2023ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റുമെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റുമെന്റ്, ബാലൻസ് ഷീറ്റ് എന്നിവ ഉൾപ്പെടുന്ന ധനകാര്യ പത്രികകളും, നിർദ്ദിഷ്ട അനുബന്ധ ഫോറങ്ങളും 30-6-2023 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് 26-7-23 ൽ ഓഡിറ്റിന് സമർപ്പിച്ചത് ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തത്തിൽ തയ്യാറാക്കിയ ഈ അക്കൗണ്ടുകളിന്മേൽ, ഫിനാൻഷ്യൽ ഓഡിറ്റ് നടത്തി അഭിപ്രായം രേഖപ്പെടുത്തുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

II. പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനായി C&AG പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങളും ഓഡിറ്റിംഗ് സ്റ്റാന്റേർഡുകളും അനുസരിച്ചാണ് ഞാൻ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റുകളില്ലാത്തതാണ് എന്ന് ന്യായമായും ഉറപ്പ് വരുത്തുന്നതരത്തിൽ ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നിർവഹിക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ / മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകൾക്കും വെളിപ്പെടുത്തലുകൾക്കും അടിസ്ഥാനമായ തെളിവുകൾ പരിശോധിക്കുന്നതും, ഉപയോഗിച്ചിരിക്കുന്ന അക്കൗണ്ടിംഗ് തത്വങ്ങളുടെയും തയ്യാറാക്കിയിരിക്കുന്ന പ്രസക്തമായ എസ്റ്റിമേറ്റുകളുടെയും വിലയിരുത്തലും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണത്തിന്റെ വിലയിരുത്തലും ഓഡിറ്റിൽ നിർവഹിച്ചിട്ടുണ്ട്. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

III) എനിക്ക് ആവശ്യമായതും ലഭ്യമായതുമായ വിവരങ്ങളെയും വിശദീകരണങ്ങളെയും അടിസ്ഥാനമാക്കിയും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി ലഭിച്ച പരമാവധി വിവരങ്ങളുടെ അടിസ്ഥാനത്തിലും, അവയിന്മേൽ നൽകപ്പെട്ട വിശദീകരണങ്ങൾ പരിഗണിച്ചും അനുബന്ധ റിപ്പോർട്ടിലെ നിരീക്ഷണങ്ങൾക്ക് വിധേയമായും ഞാൻ താഴെ പറയും പ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ സാക്ഷ്യപത്രം

അനുബന്ധ റിപ്പോർട്ടിലെ വിശേഷണങ്ങളോടുകൂടിയ അഭിപ്രായത്തിന് ആധാരമായി വിവരിച്ചിരിക്കുന്ന കാര്യങ്ങളിൽ ഒഴികെ അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2022-23 ലെ വാർഷിക ധനകാര്യ പത്രിക സാമ്പത്തിക നിലയെക്കുറിച്ചും സാമ്പത്തിക ഫലത്തെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

### 1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടില്ല.

റേഷ്യോസ്, സെക്രട്ടറിയുടെ കുറിപ്പുകൾ ഉൾപ്പെടുത്തിയില്ല.

### 1-1-2 ക്യാഷ് ഫ്ലോ പത്രികയിലെ തൻ വർഷത്തെ ആകെ ക്യാഷ് ഫ്ലോയും മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

ഓപ്പറേറ്റിങ്, ഇൻവെസ്റ്റിങ്, ഫിനാൻസിങ് പ്രവൃത്തികളിൽ ജനറേറ്റ് ചെയ്ത ക്യാഷ് = ₹93,61,848/-

മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസം (40 A – 40 B) = ₹1,07,15,567/-

1-1-3 ബാങ്ക്/ട്രഷറി പൊരുത്തപ്പെടുത്തൽ പത്രികയിൽ "ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് ക്രഡിറ്റഡ് ബൈ ബാങ്ക് " ആയി ചേർത്ത തുകകൾ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിച്ചില്ല.

എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ 31.03.23 ലെ പൊരുത്തപ്പെടുത്തൽ പത്രികയിൽ "ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് ക്രഡിറ്റഡ് ബൈ ബാങ്ക് " എന്ന് രേഖപ്പെടുത്തിയിട്ടുള്ള തുക ₹39,684/- ക്രമീകരിച്ചില്ല. 05.07.22 മുതലുള്ള തുകകൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

1-1-4 രസീത് തെറ്റായ ശീർഷകത്തിൽ നല്കി.

ഋണശീർഷ ഹെഡുകളിലെ വിവിധ വരവ്, ചെലവു തുകകളിൽ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിലെയും ഡെപ്പോസിറ്റ് രജിസ്റ്ററിലെയും രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | ധനകാര്യപത്രിക പ്രകാരം തുക ₹ | രജിസ്റ്റർ പ്രകാരം തുക ₹ |
|---|---|---|
| കോൺട്രാക്ടർ റിട്ടൻഷൻ RP-33(R) | 58,601/- | 90,663/- |
| വാടക ഡെപ്പോസിറ്റ് RP-33(R) | 86,714/- | 1,21,002/- |
| മറ്റു ഡെപ്പോസിറ്റുകൾ RP-33(R) | 78,500/- | 0 |
| വാടക ഡെപ്പോസിറ്റ് – ചെലവ് | 0 | 72,626/- |

1-1-5 തുക ചെലവുചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

വിവിധ നിക്ഷേപ പ്രവൃത്തികൾക്ക് മുൻകൂർ നല്കിയ തുകകൾ RP-49 ഷെഡ്യൂളിൽ പ്രതിഫലിച്ചില്ല.

| മുൻകൂർ തുക കൈപ്പറ്റിയ സ്ഥാപനം | മുൻകൂറായി അനുവദിച്ച തുക ₹ |
|---|---|
| കേരള വാട്ടർ അതോറിറ്റി | 4,63,287/- |
| കെ.എസ്.ഇ.ബി ലിമിറ്റഡ് | 14,121/- |

1-1-6 ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ വെബ് സാംഖ്യ എ.സി.ആർ-ൽ നിന്നും ഒഴിവാക്കിയില്ല.

ട്രഷറി പേയ്മെന്റ് ആകാത്ത ബില്ലുകൾ വെബ് സാംഖ്യ എ.സി.ആർ-ൽ നിന്നും ഒഴിവാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുള്ള കണക്കുകളും എസിആർ കണക്കുകളും തമ്മിൽ വ്യത്യാസം നിലനില്ക്കുന്നു. സുലേഖ സ്റ്റേറ്റ്മെന്റിലെ ചെലവും എസിആർ ചെലവും പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ഫണ്ട് ഇനം | എ സി ആർ പ്രകാരം ചെലവ് ( സോഴ്സ് ഡിഡക്ഷൻ തുക കൂടി പരിഗണിച്ച് ) ₹ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് ₹ |
|---|---|---|---|
| 1 | വികസന ഫണ്ട് ജന. | 1,84,25,875/- | 1,83,37,386/- |
| 3 | മെയിന്റനൻസ് ഫണ്ട് - റോഡ് | 49,39,195/- | 44,57,247/- |

1-1-7 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ വാർഷികകണക്കുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല.

വസ്തുനികുതി വരവ്, കുടിശ്ശിക വിവരങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കുകളുമായി പൊരുത്തപ്പെടുത്തുന്നതിന് നടത്തിയ ബുക്ക് അഡ്ജസ്റ്റ്മെന്റുകളുടെ കൃത്യത

പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ലഭ്യമാക്കിയില്ല.

### 1-1-8 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല. വസ്തു നികുതി അക്രൂവൽ എൻട്രി യഥാസമയം രേഖപ്പെടുത്തിയില്ല.

### 1-1-9 ജേണൽ വൗച്ചറുകളെ സാധൂകരിക്കുന്ന അനുബന്ധ രേഖകൾ ഇല്ല.

പ്രയർ പിരീയഡ് ഐറ്റംസ് ആയി രേഖപ്പെടുത്തിയിട്ടുള്ള തുകകളുടെ/അഡ്ജസ്റ്റുമെന്റുകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

### 1-1-10 വാർഷിക കണക്കുകളിലെ തുകകളും അതാത് രജിസ്റ്ററിലെ സംക്ഷിപ്തം ആയി ചേർത്തിട്ടുള്ള തുകകളും പൊരുത്തപ്പെടുന്നില്ല.

(I) സി എഫ് സി - ബേസിക് ഗ്രാന്റിന്റെ ധനകാര്യപത്രിക I-6 പത്രികയിൽ രേഖപ്പെടുത്തിയ ചെലവ് തുക ₹31,40,599/-ആണ്. സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ കണക്കുകൾ പ്രകാരം ചെലവ് തുക ₹31,40,610/-ആണ്. 03/22 ലെ ബാങ്ക് ചാർജ്ജ് 11/-രൂപ തൻവർഷം ചെലവിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(II) ഐസിഡിഎസ് കേന്ദ്രവിഹിതം ഫണ്ടിന്റെ ധനകാര്യ പത്രിക ബി 4 ഷെഡ്യൂൾ പ്രകാരമുള്ള വർഷാന്ത്യ ബാധ്യത ₹38,69,015/- ആണ്. എന്നാൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കിയ കണക്കുകൾ, എ സി ആർ എന്നിവ പ്രകാരമുള്ള ബാലൻസ് ₹38,59,915/-ആണ്.

(III) ആസ്തി രജിസ്റ്റർ മൂല്യാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ആസ്തികളുടെ മൂല്യം, ഡിപ്രീസിയേഷൻ തുകകളുടെ കൃത്യത എന്നിവ പരിശോധിക്കാൻ സാധിച്ചില്ല.

## 1-2 ബജറ്റ്

2022-23 ലെ ബജറ്റ് 15.03.2022 ലെ 1(1) നം. തീരുമാനപ്രകാരം അംഗീകരിച്ചു. പരിഷ്കരിച്ച ബജറ്റ് 04.03.2023 ലെ 1 (2) നം. തീരുമാനപ്രകാരവും അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | ₹ 2,55,99,340/- |
| ഓഡിറ്റ് വർഷത്തെ വരവ് | ₹ 6,09,64,984/- |
| ആകെ | ₹ 8,65,64,324/- |
| ഓഡിറ്റ് വർഷത്തെ ചെലവ് | ₹ 5,02,49,417/- |
| നീക്കിയിരിപ്പ് | ₹ 3,63,14,907/- |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/<br>ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹ 7,65,000/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 7,27,149/- |

വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിലെ ട്രഷറി അക്കൗണ്ടിലെ വരവ് – ചെലവുകൾ റസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ സാമ്പത്തിക വിശകലനത്തിലും ഉൾപ്പെടുത്തിയിട്ടില്ല.

## 1-4 ഗ്രാന്റ് / ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ്/ലാപ്പ്സായ തുക ₹ |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,87,47,000/- | 1,87,47,000/- | 1,83,37,386/- | 4,09,614/- |
| വികസനഫണ്ട് (എസ്.സി.പി) | 0 | 74,93,000/- | 74,93,000/- | 68,32,539/- | 6,60,461/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്-അൺടൈഡ്) - ട്രഷറി | 0 | 0 | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ബേസിക്-അൺടൈഡ്) - ബാങ്ക് | 6,75,509/- | 33,95,944/- | 40,71,453/- | 31,40,610/- | 9,30,843/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്)-ട്രഷറി | 0 | 9,04,558/- | 9,04,558/- | 5,73,250/- | 3,31,308/- |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) - ബാങ്ക് | 9,48,254/- | 48,90,000/- | 58,38,254/- | 41,75,022/- | 16,63,232/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 94,55,000/- | 94,55,000/- | 44,57,247/- | 49,97,753/- |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 58,99,000/- | 58,99,000/- | 56,40,209/- | 2,58,791/- |

ജി ഒ പ്രോജക്ട് പ്രകാരം സോഴ്സിൽ നിന്നും കുറവുചെയ്ത തുകകൾ എ സി ആർ ന്റെ വരവ്, ചെലവ് ഭാഗങ്ങളിൽ ഉൾപ്പെടുത്തിയില്ല. ആയതിനാൽ സുലേഖ പത്രിക പ്രകാരമുള്ള ചെലവാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

സംസ്ഥാനാവിഷ്കൃത / കേന്ദ്രാവിഷ്കൃത ഫണ്ടുകൾ

| ഫണ്ട് ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ശുചിത്വ മിഷൻ | 0 | 1,15,577/- | 1,15,577/- | 0 | 1,15,577/- |
| ലൈഫ് മിഷൻ- സംസ്ഥാന വിഹിതം | 20,60,000/- | 0 | 20,60,000/- | 5,60,000/- | 15,00,000/- |

| | | | | | |
|---|---|---|---|---|---|
| സാക്ഷരത | 535/- | 24/- | 559/- | 0 | 559/- |
| ആശ്രയ ചലഞ്ച് ഫണ്ട് | 0 | 12,89,600/- | 12,89,600/- | 12,89,600/- | 0 |
| അർബൻ അഗ്ലോമറേഷൻ ഫണ്ട് | 7,65,000/- | 6,85,922/- | 14,50,922/- | 7,65,000/- | 6,85,922/- |
| ജില്ലാ പഞ്ചായത്ത് | 4,94,000/- | 2,52,221/- | 7,46,221/- | 2,53,756/- | 4,92,465/- |
| ബഡ്സ് സ്കൂൾ - ഗ്രാന്റ് | 2,00,000/- | 0 | 2,00,000/- | 0 | 2,00,000/- |
| ക്യാപിറ്റൽ ഫണ്ട്- ആയുർവേദം | 0 | 5,00,000/- | 5,00,000/- | 0 | 5,00,000/- |
| എം.ജി.എൻ.ആർ.ഇ. ജി.എസ് ഭരണ ചെലവ് | 0 | 12,44,037/- | 12,44,037/- | 12,44,037/- | 0 |
| എം.ജി.എൻ.ആർ.ഇ .ജി.എസ് (ഗുണഭോക്താവിന് നേരിട്ട് നൽകുന്നത്) | 0 | 4,34,36,000/- | 4,34,36,000/- | 4,34,36,000/- | 0 |
| ഐ സി ഡി എസ് | 27,68,783/- | 18,58,526/- | 46,27,309/- | 7,67,394/- | 38,59,915/- |
| ടി എസ് സി | 30,92,684/- | 2,28,863/- | 33,21,547/- | 26,69,012/- | 6,52,535/- |
| ഹെൽത്ത് ഗ്രാന്റ് - ഡയഗണോസ്റ്റിക് ഇൻഫ്രാസ്ട്രക്ചർ | 0 | 3,50,348/- | 3,50,348/- | 3,03,527/- | 46,821/- |
| ഹെൽത്ത് ഗ്രാന്റ്- വെൽനസ് സെന്റർ | 0 | 2,03,204/- | 2,03,204/- | 1,72,000/- | 31,204/- |

## 1-5 പദ്ധതി അവലോകനം

ഗ്രാമ പഞ്ചായത്തിന്റെ 2022-23 വാർഷിക പദ്ധതിയ്ക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 08.04.2022 ലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം ഭരണാനുമതി നൽകി. ജില്ലാ ആസൂത്രണ സമിതിയുടെ 01.08.2022 ലെ 22223/DPC/DPO/KLM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിയ്ക്ക് അന്തിമാംഗീകാരം ലഭിച്ചിട്ടുണ്ട്. വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| ഘട്ടം | തീയതി |
|---|---|
| വർക്കിംഗ് ഗ്രൂപ്പ് പുനസംഘടന അംഗീകരിച്ചത് | 16.12.2021 |
| വർക്കിംഗ് ഗ്രൂപ്പുകൾ ചേർന്ന തീയതി | 27.12.2021 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 18.05.2022 മുതൽ 23.05.2022 വരെ |
| ആസൂത്രണസമിതി യോഗം | 20.05.2022 |
| വികസന സെമിനാർ | 08.02.2022 |
| ഗുണഭോക്തൃ തെരഞ്ഞെടുപ്പ് ഗ്രാമസഭകൾ | 07.10.2022 മുതൽ 12.10.2022 വരെ |
| വികലാംഗ ഗ്രാമസഭ | 18.05.2022 |

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 21,21,23,036/- | 126 | 6,29,57,225/- | 0 | 43 | 75% |

66.579 ലക്ഷം രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2022-23 ൽ ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 66.579 ലക്ഷം രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. *(വിശദാംശങ്ങൾക്ക് ഖ 1-4 കാണുക )*

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്തിന് നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട് എല്ലാ പ്രോജക്ടുകളോടൊപ്പവും സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-6 മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരുപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 0 | 12,44,037/- | 12,44,037/- | 12,44,037/- | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 4,34,36,000 | 4,34,36,000/- | 4,34,36,000/- | 0 |
| ആകെ | 0 | 4,46,80,037/- | 4,46,80,037/- | 4,46,80,037/- | 0 |

## 1-7 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (രൂപ) |
|---|---|
| തൊഴിൽരഹിത വേതനം | 43,680/- |
| കർഷകതൊഴിലാളി പെൻഷൻ | 37,56,900/- |
| വിധവാപെൻഷൻ | 1,22,83,400/- |
| വാർദ്ധക്യകാലപെൻഷൻ | 2,64,37,600/- |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 42,07,400/- |
| 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 5,16,400/- |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 60,000/- |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6 (4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.12.2023 ന് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,647/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

വിവിധ വിഭാഗം ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നു. ഓഫീസ് സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും സേവനങ്ങൾക്കുള്ള സമയദൈർഘ്യം കുറയ്ക്കുന്നതിനും ഉതകുന്ന പ്രവർത്തനങ്ങൾ നടപ്പാക്കിയിട്ടുണ്ട്.
നികുതി പിരിവിന്റെ കാര്യക്ഷമത ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരം വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ ഫ്രണ്ട് ഓഫീസ് വരവുകളും ഐ.എൽ.ജി.എം.എസ് വഴി രസീത് നൽകിയാണ് സ്വീകരിക്കുന്നത്. പ്രതിദിന കളക്ഷൻ തൊട്ടടുത്ത ദിവസം തന്നെ ഒടുക്കുവരുത്തുന്നുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്തിട്ടുണ്ട്. മേൽചട്ടങ്ങളുടെ 29-ാം വകുപ്പ് അനുസരിച്ച് ചെലവുകൾ നടത്തി വൗച്ചറുകൾ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. പണമായും ചെക്കായും, ഡിഡിയായും നൽകുന്ന തുകകൾക്ക് കൈപ്പറ്റ് രസീത് വാങ്ങി സൂക്ഷിക്കുന്നുണ്ട്. വരവ് ചെലവുകൾ ബന്ധപ്പെട്ട ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം തൃപ്തികരമാണ്.
ആസ്തി രജിസ്റ്റർ, പുറമ്പോക്ക് രജിസ്റ്റർ എന്നിവ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. പുറമ്പോക്ക് കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് നിയമനടപടികൾ സ്വീകരിച്ച സാഹചര്യത്തിൽ സ്ഥലവാസികളുടെ എതിർപ്പ് മൂലം പാതി വഴിയിൽ ഉപേക്ഷിക്കപ്പെട്ടു. 6-ാം വാർഡിലെ ഈരിക്കൽ പാലത്തിന് സമീപമുള്ള തോട് പുറമ്പോക്ക് അളന്ന് തിട്ടപ്പെടുത്തുന്നതിന് കരുനാഗപ്പള്ളി തഹസീൽദാർക്ക് കമ്മിറ്റി തീരുമാനം നൽകിയതിന്റെ അടിസ്ഥാനത്തിൽ സർവ്വേയർ എത്തിയപ്പോൾ പ്രദേശവാസികളിൽ നിന്നും തർക്കം ഉണ്ടാകുകയും അളവ് തടസ്സപ്പെടുകയും ചെയ്തു.
തൊഴിൽ നികുതി നിയമാനുസൃതം ഡിമാന്റ് ചെയ്ത് ഈടാക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകളെ ലിസ്റ്റ് ചെയ്ത് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയില്ല. വലിയ വിറ്റുവരവുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. വസ്തുനികുതി നിർണ്ണയിച്ച നല്കിയിട്ടുള്ള 200 ച.മീ. ൽ അധികം വിസ്തൃതിയുള്ള വാണിജ്യ കെട്ടിടങ്ങളിൽ അനധികൃത നിർമ്മാണങ്ങൾ നടത്തിയിട്ടുണ്ടോയെന്ന് അറിയുന്നതിന് സെക്രട്ടറിയുടെ നേതൃത്വത്തിൽ തുടർ പരിശോധനകൾ നടത്തുന്നില്ല.
പശ്ചാത്തല മേഖലയിൽ ചെലവ് ശതമാനം വളരെ കുറവാണ്. ആയതിന്റെ വിശദാംശം ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.07.2022 മുതൽ 23.07.2022 വരെ | 01.04.2022 മുതൽ 30.06.2022 വരെ | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.11.2019 | 2018-19 | 06.01.2020 |

## 1-11 ലേല നടപടികൾ സ്വീകരിച്ചില്ല.

ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 30.4.2022 ലെ യോഗത്തിലെ അജണ്ട 13 തീരുമാന നമ്പർ 1 പ്രകാരം പതിനാറാം വാർഡിലെ വഞ്ചിത്തറ - പനയ്ക്കൽ ജംഗ്ഷൻ ഓട നിർമ്മാണവുമായി ബന്ധപ്പെട്ട് സൈറ്റിൽ ഉണ്ടായിരുന്ന പാറ ലേലം ചെയ്യാൻ സെക്രട്ടറിയെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ 2022-23 ലെ ലേല രജിസ്റ്റർ പ്രകാരം ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ലേല നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കാണുന്നില്ല. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 11.5.2022 ലും തുടർന്ന് 30.5.2022 ലും ലേലം നടത്തുന്നതിനായി നോട്ടീസ് ഇട്ടിരുന്നെങ്കിലും ലേലത്തിൽ ആരും പങ്കെടുക്കാതിരുന്നതിനാൽ ലേലം നടന്നില്ല എന്നും ലേലം വീണ്ടും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. ലേല നടപടികൾ സ്വീകരിച്ച് ലേലത്തുക ഒടുക്കു വരുത്തി രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 10/7.12.2023

## 1-12 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു.

കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 232 (1) പ്രകാരം വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിലെ നിബന്ധനകൾക്ക് വിരുദ്ധമായും പഞ്ചായത്തിലെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ല എന്ന് വ്യക്തമാക്കിയിട്ടുണ്ട്.

1) സ്വകാര്യ ആശുപത്രിയും, മോട്ടോർ ഡ്രൈവിംഗ് സ്കൂളും ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

തൻവർഷത്തെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | വാർഡ് നമ്പർ |
|---|---|---|
| 1 | പരബ്രഹ്മ ഹോസ്പിറ്റൽ, ഓച്ചിറ | 10 |
| 2 | സരസ്വതി മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, ഓച്ചിറ | 2 |

2) തൻവർഷത്തെ ലൈസൻസ് രജിസ്റ്റർ, വാർഡ് വൈസ് ട്രേഡേഴ്സ് രജിസ്റ്റർ, കെട്ടിട വാടക രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും, വാർഡ് വൈസ് ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാ സ്ഥാപനങ്ങളും തൻവർഷം വ്യാപാര സംരംഭക ലൈസൻസ് എടുത്തിട്ടുള്ളതായി കാണുന്നില്ല.

മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് പഞ്ചായത്തിന്റെ അധീനതയിലുള്ള കടമുറികളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, പരബ്രഹ്മ ഹോസ്പിറ്റൽ, സരസ്വതി മോട്ടോർ ഡ്രൈവിംഗ് സ്കൂൾ എന്നീ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി.

ഓഡിറ്റ് എൻക്വയറി നമ്പർ - 18/08.12.2023

## 1-13 തനതു വരുമാനം - അവലോകനം

വസ്തുനികുതി പരിഷ്കരണം

01.04.2023 പ്രാബല്യത്തിൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ 22.03.2023-ലെ സ.ഉ.(കൈ)നം. 77/2023/തസ്വഭവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

1. നിലവിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി പുതുക്കി നിശ്ചയിക്കൽ

2022-23 വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതി 2023-24 മുതൽ അടുത്ത അഞ്ച് വർഷത്തേയ്ക്ക് 19.06.23 ലെ 6-ാം നമ്പർ തീരുമാന പ്രകാരം നിലവിലുള്ള നിരക്കിന്റെ അഞ്ച് ശതമാനം വീതം വർദ്ധനവ് വരുത്തി നിശ്ചയിച്ചിട്ടുണ്ട്.

2. കെട്ടിടങ്ങളുടെ ശരിയായ വിവരങ്ങൾ സോഫ്റ്റ് വെയറിൽ ചേർക്കൽ

വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വരുത്തുക, സോഫ്റ്റ് വെയറിൽ കൃത്യമല്ലാത്ത വിവരങ്ങൾ ചേർക്കുക എന്നിവ മൂലമുള്ള നികുതി നഷ്ടം ഒഴിവാക്കാൻ കെട്ടിടങ്ങളുടെ ശരിയായ വിവരം ഫീൽഡ് പരിശോധന നടത്തി സോഫ്റ്റ് വെയറിൽ ചേർത്ത്, ഈ വിവരങ്ങളുടെ അടിസ്ഥാനത്തിൽ മാറ്റം വന്ന കാലം മുതൽ പ്രാബല്യത്തിൽ നികുതി പുനർനിർണ്ണയിക്കേണ്ടതായുണ്ട്.

3. 2023-24 മുതൽ വസ്തുനികുതി നിരക്കുകളും മേഖലകളും റോഡുകളുടെ തരംതിരിവും പുതുക്കൽ

2023-24 മുതൽ പുതുതായി വസ്തുനികുതി നിർണ്ണയിക്കുന്ന കെട്ടിടങ്ങളുടെ നികുതി നിർണ്ണയത്തിന് ബാധകമാക്കേണ്ട നിരക്കുകളും മേഖലകളുടെ തരംതിരിക്കലും വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള തരംതിരിക്കലുകളും വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്ത് നികുതി പുതുക്കി നിശ്ചയിക്കുന്നതിനായി 05.04.2023-ലെ സ.ഉ.(അച്ചടി) നം.25/2023/തസ്വഭവ (എസ്.ആർ.ഒ. നം.479/2023 തീയതി: 10.04.2023) പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ കുറഞ്ഞതും കൂടിയതുമായ പരിധികൾ നിശ്ചയിച്ചുകൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ പരിധിയ്ക്ക് വിധേയമായി ഗ്രാമപഞ്ചായത്ത് വിവിധയിനം കെട്ടിടങ്ങളുടെയും അവയുടെ ഉപവിഭാഗങ്ങളുടെയും അടിസ്ഥാന വസ്തുനികുതി നിരക്കുകൾ ഭരണസമിതി നിശ്ചയിച്ച് കരട് വിജ്ഞാപനം ചെയ്തിട്ടുണ്ട്. തുടർന്ന് കമ്മിറ്റി തീരുമാനപ്രകാരം ഓരോ വിഭാഗം കെട്ടിടങ്ങളുടേയും അടിസ്ഥാന വസ്തു നികുതി നിരക്കുകൾ അന്തിമമാക്കിയിട്ടുണ്ട്.

3. അനധികൃത നിർമ്മാണങ്ങളുടെ നികുതി ഈടാക്കൽ.

2011 ലെ കേരള ഗ്രാമപഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20 പ്രകാരമുള്ള ഫോറം-10 ൽ അനധികൃത നിർമ്മാണങ്ങൾ സംബന്ധിച്ച രജിസ്റ്റർ തയ്യാറാക്കി വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ചട്ടം 20(2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടത്തിന് U.A നമ്പർ നൽകേണ്ടതും അനധികൃത നിർമ്മാണം കണ്ടെത്തിയ വർഷം രേഖപ്പെടുത്തേണ്ടതുമാണ്. ഏതെങ്കിലും കെട്ടിടം നിയമാനുസൃതമല്ലാതെ നിർമ്മിക്കുകയോ പുനർനിർമ്മിക്കുകയോ ചെയ്താൽ സ്വീകരിക്കാവുന്ന ഏതെങ്കിലും നടപടിയ്ക്ക് ഹാനി കൂടാതെ കെട്ടിടം പണി പൂർത്തിയാക്കുകയോ, അത് വകുപ്പ് 233, ഉപവകുപ്പ് 2 ൽ പറഞ്ഞിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനു ഉപയോഗപ്പെടുത്തുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് ആ തീയതി മുതൽ ആ കെട്ടിടം പൊളിച്ചു മാറ്റുന്ന തീയതി വരെ കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക വസ്തുനികുതിയായി ഈടാക്കേണ്ടതാണെന്ന് കേരള പഞ്ചായത്ത് രാജ് ആക്റ്റ് അനുശാസിക്കുന്നു.

II) സേവന ഉപനികുതി

നിലവിൽ സേവന ഉപനികുതി ഈടാക്കുന്നില്ല. 2011 ലെ കേരള പഞ്ചായത്ത് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26 പ്രകാരം ഒരു ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥിതി ചെയ്യുന്നതും 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 207(1) പ്രകാരം സേവന ഉപനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടില്ലാത്തതുമായ ഏതൊരു കെട്ടിടത്തിന്റേയും ഉടമസ്ഥനിൽ നിന്ന്, പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം, ജലവിതരണം, തെരുവുവിളക്കുകളും ഡ്രെയിനേജും എന്നിവ സംബന്ധിച്ച സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമപഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്. അപ്രകാരം ചുമത്താവുന്ന സേവന ഉപനികുതിയുടെ ഏറ്റവും കുറഞ്ഞ നിരക്കുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ജലവിതരണം - വസ്തു നികുതിയുടെ 3% ൽ കുറയാത്ത തുക.

2. തെരുവുവിളക്കുകൾ - വസ്തു നികുതിയുടെ 2% ൽ കുറയാത്ത തുക.

3. ശുചിത്വ പരിപാലനം - വസ്തു നികുതിയുടെ 4% ൽ കുറയാത്ത തുക.

4. ഡ്രെയിനേജ് - വസ്തു നികുതിയുടെ 1% ൽ കുറയാത്ത തുക.

ഗ്രാമപഞ്ചായത്ത് നൽകുന്ന സേവനങ്ങളുടെ അടിസ്ഥാനത്തിൽ ചട്ടപ്രകാരമുള്ള സേവന ഉപനികുതി വസ്തുനികുതിയോടൊപ്പം ഈടാക്കാവുന്നതാണ്.

III) തൊഴിൽ നികുതി

പഞ്ചായത്ത് പരിധിയിൽ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ കരാറുകാർ, ക്ഷീര സഹകരണ സംഘങ്ങൾ, ബി.എസ്.എൻ.എൽ ഓഫീസ്, ബിൽഡിംഗ് പ്ലാനുകൾ തയ്യാറാക്കുന്ന എൻജിനീയർമാർ, സൂപ്പർവൈസർമാർ, സ്വകാര്യ ടൂറിസ്റ്റ് വാഹന ഉടമകൾ, റേഷൻ കടയുടമകൾ എന്നീ സ്ഥാപനങ്ങൾ/വ്യക്തികളുടെ ലിസ്റ്റ് സൂക്ഷിക്കുകയോ തൊഴിൽ നികുതി/സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കുകയോ ചെയ്തിട്ടില്ല. ആയതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

4) പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനും നടപടിയില്ല

തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി പുതിയ വരുമാന മേഖലകൾ കണ്ടെത്തുന്നത് സംബന്ധിച്ച യാതൊരു നിർദ്ദേശങ്ങളും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിക്കപ്പെടുകയോ, ചർച്ച ചെയ്യപ്പെടുകയോ ചെയ്തിട്ടില്ല.

## 1-14 പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തുവിന്റെ ഭൂനികുതി അടവാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും ആസ്തി രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടുള്ളതുമായ വസ്തുവിന്റെ ഭൂനികുതി ഒടുക്കിയില്ല. ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയുടെ വിവരം ചുവടെ ചേർക്കുന്നു.

| ആധാരം നം. | റീ സർവ്വേ നം. |
|---|---|
| 2666/18/1 Dtd: 04/12/2018 | 54/12-3-2,54/12-4-2,<br>1 ആർ 21 ച.മീ |
| 323/14 | 276/3/2, 1 ആർ 21 ച.മീ |
| 779/15/1 | 162/4-3,5 ആർ 67 ച.മീ |
| 875/17 | 213/5-1, 2 ച.മീ |
| 547/2017 | 1 ആർ 21 ച.മീ |
| 1263/10 | 1 ആർ 21 ച.മീ |
| 2543/14 | 274/14-2, 3 ആർ 13 ച.മീ |
| 2009/14 | |
| 717/9 | 1 ആർ 21 ച.മീ |

പഞ്ചായത്തിന്റെ അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും നികുതി അടവാക്കി റവന്യൂ രേഖകൾ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. മേൽ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മേൽ സൂചിപ്പിച്ച ഭൂമിയുടെ പോക്ക് വരവ് ചെയ്ത് കരം ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. നടപടികൾ യഥാവിധി നടത്തി മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 02/05.12.23

## 1-15 പകൽവീട് പ്രവർത്തന സജ്ജമാക്കിയില്ല.

പകൽവീട് പ്രവർത്തനം ആരംഭിക്കുന്നതിന് മുന്നോടിയായി അടിസ്ഥാന സൗകര്യം ഒരുക്കുന്നതിന്

ഐ.സി.ഡി.എസ്.സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി ചുവടെ ചേർക്കും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

. പ്രോജക്ടിന്റെ പേര് - പകൽവീട് അടിസ്ഥാന സൗകര്യം ഒരുക്കൽ (SO 152/23)

. അടങ്കൽ തുക – 3,50,000/-രൂപ

. ചെലവഴിച്ച തുക - 70470/-രൂപ (വികസനഫണ്ട് (ജനറൽ))

. ബിൽ നമ്പർ - 23, 24, 26/29.03.2023

പദ്ധതിയിൽ ഉൾപ്പെടുത്തി 25 പ്ലാസ്റ്റിക് കസേര, 2 കട്ടിൽ, 2 അലമാര, 1 മേശ, 1 കസേര എന്നിവ ക്വട്ടേഷൻ വഴി സിഡ്കോയിൽ നിന്നും വാങ്ങിയിട്ടുണ്ട്. പദ്ധതിപ്പണം ചെലവഴിച്ച് വാങ്ങിയ സാധനങ്ങൾ പകൽവീട്ടിൽ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പകൽവീട് പ്രവർത്തനക്ഷമമാക്കിയിട്ടില്ല എന്ന് 05.12.2023 ൽ നിർവ്വഹണ ഉദ്യോഗസ്ഥയായ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ സാന്നിദ്ധ്യത്തിൽ ഓഡിറ്റ് ടീം നടത്തിയ പരിശോധനയിൽ ബോധ്യപ്പെട്ടു. കുടിവെള്ള സൗകര്യം ഇല്ലാത്തതാണ് പകൽവീട് പ്രവർത്തന സജ്ജമാക്കാത്തതിന് കാരണമെന്നും, കുടിവെള്ള സൗകര്യം ഒരുക്കുന്നതിന് അസി.എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കി. 2020-21 ൽ ഉദ്ഘാടനം പൂർത്തിയാക്കി പ്രവർത്തനക്ഷമമായ കെട്ടിടത്തിൽ നാളിതുവരെ കുടിവെള്ള സൗകര്യം ഒരുക്കുന്നതിന് നടപടി കൈക്കൊള്ളാതിരുന്നത് ഗ്രാമപഞ്ചായത്ത് സമിതിയുടെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. കുടിവെള്ള സൗകര്യം ലഭ്യമാക്കി പകൽവീട് പ്രവർത്തനക്ഷമമാക്കി മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 05/06.12.23

## 1-16 കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചില്ല.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥയായി ആരോഗ്യകേന്ദ്രങ്ങളിലേക്ക് ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്ന പദ്ധതിക്കായി ഹെൽത്ത് ഗ്രാന്റ് ഇനത്തിൽ ലഭിച്ച തുകയിൽ നിന്നും 1,72,000/-രൂപ വകയിരുത്തി കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനായി ചുവടെ പറയും പ്രകാരം പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്.

. പ്രോജക്ടിന്റെ പേര് - ആരോഗ്യകേന്ദ്രങ്ങളിലേക്ക് ഹെൽത്ത് & വെൽനെസ്സ് സെന്റർ

. വകയിരുത്തിയ തുക - 2,00,922/-രൂപ

. ചെലവഴിച്ച തുക - 1,72,000/-രൂപ

. വൗച്ചർ നമ്പർ - 22201404/31.03.2023

മേൽ പറഞ്ഞ പദ്ധതിയിൽ ഉൾപ്പെടുത്തി വെൽനെറ്റ് കമ്പ്യൂട്ടേഴ്സ് എന്ന സ്ഥാപനത്തിൽ നിന്നും കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ ക്വട്ടേഷൻ മുഖേന വാങ്ങിയിട്ടുണ്ട്. പദ്ധതി നിർവ്വഹണത്തിലെ അപാകത ചുവടെ ചേർക്കുന്നു.

സ്റ്റോർസ് / പർച്ചേസ് വകുപ്പിന്റെ 26.04.2019-ലെ 7/2019-ാം നമ്പർ ഉത്തരവിൽ സർക്കാർ വകുപ്പുകളും, പൊതുമേഖല സ്ഥാപനങ്ങളും മറ്റ് സ്ഥാപനങ്ങളും 25,000/-രൂപയ്ക്ക് മുകളിലുള്ള സാധനങ്ങളും സേവനങ്ങളും GeM മുഖേന വാങ്ങണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ക്വട്ടേഷൻ നടപടികളിലൂടെയാണ് വാങ്ങൽ നടത്തിയത്. സാമ്പത്തിക വർഷം അവസാനിക്കാറായതിനാലും, ഫണ്ട് നഷ്ടപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും ആണ് ക്വട്ടേഷൻ ക്ഷണിച്ച് വാങ്ങൽ നടത്തിയതെന്ന നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടി അംഗീകരിക്കാവുന്നതല്ല. പദ്ധതി പണം ചെലവഴിച്ച് നടത്തുന്ന വാങ്ങലുകൾ സർക്കാർ നിർദ്ദേശപ്രകാരമാണെന്ന് നിർവ്വഹണ ഉദ്യോഗസ്ഥ ഉറപ്പ് വരുത്തേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 09/07.12.23

## 1-17 K.M.S.C.L-ൽ നിന്ന് മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) നിർവ്വഹണ ഉദ്യോഗസ്ഥയായി (പ്രോജക്ട് നം – 181/23) വൃക്ക,

ക്യാൻസർ രോഗികൾക്ക് പാലിയേറ്റീവ് മെഡിസിൻ നൽകുന്നതിനായി മെയിന്റനൻസ് ഗ്രാന്റ് – നോൺ റോഡ് വിഹിതത്തിൽ നിന്ന് 3,66,713/-രൂപ 14/15.03.23 നമ്പർ ബിൽ പ്രകാരം ചെലവഴിച്ചിട്ടുണ്ട്. പരിശോധനയ്ക്ക് ഹാജരാക്കിയ രേഖകൾ പ്രകാരം 2,35,684/-രൂപയുടെ മരുന്നുകൾ K.M.S.C.L ൽ നിന്നും ഇനിയും ലഭിക്കാനുണ്ട്. മരുന്ന് ലഭിക്കുന്നതിന് ഉചിതമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് മെഡിക്കൽ ഓഫീസർ മറുപടി നൽകി. ലഭിക്കാൻ അവശേഷിക്കുന്ന മരുന്നുകളുടെ വിലയായ 2,35,684/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്ന് ലഭിക്കുന്ന മുറയ്ക്ക് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം - 11/07.12.23

തടസ്സപ്പെടുത്തുന്ന തുക - 2,35,684/-രൂപ

## 1-18 ദേശീയപാത വികസനം - നഷ്ടപരിഹാരം ലഭിച്ചില്ല.

ദേശീയപാത വികസനത്തിന്റെ ഭാഗമായി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വലിയകുളങ്ങര ഗവ.എൽ.പി.സ്കൂളിന്റെ മുൻഭാഗത്തെ മതിൽ പൊളിച്ചുമാറ്റിയ ഇനത്തിൽ 4,74,865/-രൂപ ജില്ലാ ട്രഷറിയുടെ 0075-00-105-98 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് നാഷണൽ ഹൈവേ & കോംപിറ്റന്റ് അതോറിറ്റിയുടെ 24.11.2022 ലെ A1-2299/2022 നമ്പർ നടപടി ക്രമപ്രകാരം അനുവദിച്ച് നൽകിയിട്ടുണ്ട്. തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിന് യാതൊരു നടപടിയും സ്വീകരിച്ചില്ല. തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ലെന്ന മറുപടിയാണ് ഇത് സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയത്. ആവശ്യമായ തുടർനടപടി സ്വീകരിക്കുന്നതിനായി ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

ഓഡിറ്റ് എൻക്വയറി നം - 15/08.12.23

## 1-19 അനുവദിച്ച തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പിലാക്കിയ താഴെ പറയുന്ന പ്രോജക്ടിന് അനുവദിച്ച തുകയുടെ കൈപ്പറ്റ് രസീത്, വിനിയോഗ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. വിശദവിവരം താഴെ ചേർക്കുന്നു.

| പ്രോജക്ട് നം., പേര് | ഫണ്ട് ഇനം | ചെക്ക് നം., തീയതി | തുക ₹ | തുക കൈപ്പറ്റിയ സ്ഥാപനം |
|---|---|---|---|---|
| 81/23 ഇലക്ട്രിക് പോസ്റ്റുകൾ മാറ്റി സ്ഥാപിക്കൽ<br>അടങ്കൽ – 2,00,000/-രൂപ | തനത് ഫണ്ട് | 076077/ 27.03.23 | 14,121/- | കെ.എസ്.ഇ.ബി, കൃഷ്ണപുരം |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.13/08.12.23) രേഖകൾ ലഭ്യമാക്കുന്നതാണെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മേൽ രേഖകളുടെ അഭാവത്തിൽ 14,121/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് പൂർത്തീകരണവിവരവും തുകയുടെ വിനിയോഗസാക്ഷ്യപത്രവും ഫൈനൽ ബില്ലിന്റെ പകർപ്പ് സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 13/08.12.23

തടസ്സപ്പെടുത്തിയ തുക – 14,121/-രൂപ

## 1-20 ഇൻഷ്വറൻസ് കവറേജ് ഇല്ലാത്ത പ്രവൃത്തികളിൽ ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കി.

പൊതുമരാമത്ത് പ്രവൃത്തികളിൽ ഓരോ പ്രവൃത്തിയ്ക്കും (കോൺട്രാക്ട് തുകയുടെ 0.5%, മിനിമം 2,00,000/-

പരാമവധി 5,00,000/-) ഇൻഷ്വറൻസ് കവറേജ് ആയി പ്രവൃത്തി തുടങ്ങി 15 ദിവസത്തിനകം കരാറുകാരൻ സമർപ്പിക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാർ തുകയുടെ 0.2% ഫൈൻ ഇനത്തിൽ ബില്ലിൽ നിന്നും കുറവ് ചെയ്യേണ്ടതാണ്.

2022-23 ൽ നടപ്പിലാക്കിയ ഇൻഷ്വറൻസ് കവറേജ് ഇല്ലാത്ത 13 പ്രവൃത്തികളിൽ നിന്നും ഫൈൻ ഈടാക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയെ തുടർന്ന് ഫൈൻ ഇനത്തിൽ ആകെ 7,563/-രൂപ അടവാക്കിയത് പരിശോധിച്ച് ബോധ്യപ്പെട്ടു. നടപ്പാക്കുന്ന പ്രവൃത്തികൾക്ക് കരാറുകാർ ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നമ്പർ – 7/6.12.2023

1-21 MGNREGS - മെറ്റീരിയൽ പ്രവൃത്തികളിൽ ജി.എസ്.റ്റി - 2% റ്റി.ഡി.എസ് ആയി കുറവ് ചെയ്തില്ല.

2017-ലെ സെൻട്രൽ ഗുഡ്സ് & സർവീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് & കസ്റ്റംസ്-ന്റെ 13.9.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ, കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.9.2018-ലെ സർക്കുലർ നം.65/39/2018-DOR എന്നിവ പ്രകാരം 2,50,000/-രൂപയിൽ കൂടുതലായി കരാർ തുകകൾ നൽകുമ്പോൾ 2% GST സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടയ്ക്കേണ്ടതുണ്ട്. 30.7.2019-ലെ സർക്കുലർ നം. 957/EGSC/16/REGS പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി വാങ്ങുന്ന സാധന സാമഗ്രികളുടെ കരാർ തുക 2,50,000/-രൂപയിൽ കൂടുതലാണെങ്കിൽ GST 2% ഉത്ഭവത്തിൽ കുറവ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ 2022-23 ൽ നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ അപ്രകാരം ചെയ്തിട്ടില്ല.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | റ്റി.ഡി.എസ്. ആയി ഈടാക്കേണ്ട ജി.എസ്.റ്റി 2% (രൂപ) |
|---|---|---|
| 1 | FP/380796<br>വി.എസ്. ഭവനം ഒറ്റതെങ്ങിൽ ഡ്രെയിനേജ് (വാർഡ്-05)<br>കരാറുകാരൻ – ശ്രീ. സുജിത്ത്.ജി.എസ്<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക - 3,19,593.41/- രൂ. | 6,392/- |
| 2 | FP/381281<br>പുലിത്തിട്ട ക്ഷേത്രം – തെങ്ങനത്ത് കിഴക്കതിൽ ഡ്രെയിനേജ് (വാർഡ്-12)<br>കരാറുകാരൻ – ശ്രീ. ബ്രഹ്മാനന്ദൻ.<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക - 2,94,717/- രൂ. | 5,894/- |
| 3 | FP/381283<br>തെങ്ങനത്ത് കിഴക്കതിൽ മുതൽ കണ്ടത്തിൽ ഡ്രെയിനേജ് (വാർഡ്-12)<br>കരാറുകാരൻ – ശ്രീ. ബ്രഹ്മാനന്ദൻ.<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക - 3,23,946/- രൂ. | 6,479/- |

| | | |
|---|---|---|
| 4 | FP/381375<br>തോട്ടങ്കര തോട് മുതൽ കണ്ടത്തിൽ ഡ്രെയിനേജ് (വാർഡ്-12)<br>കരാറുകാരൻ – ശ്രീ. ബ്രഹ്മാനന്ദൻ.<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക - 3,40,190/- രൂ. | 6,804/- |
| 5 | RC/345864<br>ഗുരുക്കൻ പറമ്പിൽ മുക്ക് ചെമ്പുവിള മുക്ക് റോഡ് കോൺക്രീറ്റ് (വാർഡ് 17)<br>കരാറുകാരൻ – ശ്രീ. സോനസോമൻ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക<br>3,85,524/-രൂപ | 7,711/- |
| 6 | RC/345875<br>മീനത്തേരിൽ പീടികത്തറ റോഡ് കോൺക്രീറ്റ് (വാർഡ് 14)<br>കരാറുകാരൻ-ശ്രീ. എഡിൻ ഇൻഫ്രോ ലിമിറ്റഡ്<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 3,51,651/-രൂപ | 7,033/- |
| | RC/355321<br>റെയിൽവേ സ്റ്റേഷൻ മുതൽ പൂവക്കുളം റോഡ് കോൺക്രീറ്റ് (വാർഡ് 5)<br>കരാറുകാരൻ – ശ്രീ. ജി.എസ് സുജിത്ത്<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക<br>3,66,585/-രൂപ | 7,331/- |
| 7 | RC/355960<br>നെല്ലികോമത്ത് മുതൽ രാമകൃഷ്ണവിലാസം റോഡ് കോൺക്രീറ്റ് (വാർഡ് 6)<br>കരാറുകാരൻ - ശ്രീ. സോനസോമൻ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക<br>2,84,324/-രൂ | 5,686/- |
| 8 | RC/355961<br>ആമ്പാടി ജം. മുതൽ പോണാൽ ക്ഷേത്രം റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ – ശ്രീ. സോനസോമൻ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ തുക – 3,37,983/-രൂ | 6,760/- |
| 9 | RC/356225 | 6,298/- |

| | | |
|---|---|---|
| | ചാലായീസ് റോഡ് കോൺക്രീറ്റ്<br>കരാറുകാരൻ-ശ്രീ.എഡിൻ ഇൻഫ്രോ ലിമിറ്റഡ്<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ<br>തുക – 3,14,894/-രൂ | |
| 10 | RC/356595<br>പുലിത്തിട്ട ക്ഷേത്രം തോട്ടുങ്കര തോട് റോഡ് കോൺക്രീറ്റ് (പാർട്ട് 2) (വാർഡ് 12)<br>കരാറുകാരൻ – ശ്രീ. ബ്രഹ്മാനന്ദൻ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ<br>തുക - 2,64,099/-രൂ | 5,282/- |
| 11 | RC/356600<br>ഉഷാര ജം. അജ്മൽ മൻസിൽ റോഡ് കോൺക്രീറ്റ് (വാർഡ് 12)<br>കരാറുകാരൻ – ശ്രീ. ബ്രഹ്മാനന്ദൻ<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ<br>തുക – 3,78,289/-രൂ | 7,566/- |
| 12 | RC/356662<br>പരബ്രഹ്മ മുക്ക് ചാലിൽ മുക്ക് റോഡ് (വാർഡ് 16)<br>കരാറുകാരൻ- ശ്രീ. എഡിൻ ഇൻഫ്രോ ലിമിറ്റഡ്<br>മെറ്റീരിയൽ സപ്ലൈ ചെയ്ത ഇനത്തിലെ<br>തുക – 3,55,755/-രൂ | 7,115/- |
| | ആകെ | 86,351/- |

ടി തുക ബില്ലുകളിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട വകുപ്പിൽ ഒടുക്കുവരുത്തുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് തുക ഒടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കി. റ്റി.ഡി.എസ് ഇനത്തിൽ കുറവ് വരുത്തേണ്ട തുക അടച്ച് രേഖ ഹാജരാക്കേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നമ്പർ - 12/07.12.2023

1-22 അധികം നൽകിയ വാഹന വാടക ബന്ധപ്പെട്ട അക്കൗണ്ടിൽ തിരികെ അടച്ചില്ല.

പദ്ധതി – 20/23, ബഡ്സ് സ്കൂൾ പ്രവർത്തന ഫണ്ട്
അടങ്കൽ - 14,86,320/-രൂപ (വികസന ഫണ്ട് - ജനറൽ)
ചെലവ് – 14,56,320/-രൂപ
നിർവ്വഹണ ഉദ്യോഗസ്ഥൻ – അസി. സെക്രട്ടറി

പദ്ധതി പ്രകാരം ബഡ്സ് സ്കൂൾ ടീച്ചർ, ആയ എന്നിവർക്ക് വേതനം, വാഹന വാടക എന്നിവയ്ക്ക് തുക ചെലവഴിച്ചിട്ടുണ്ട്. 2022 മാർച്ചിൽ വാഹന വാടക ഇനത്തിൽ 30,000/-രൂപ (ബിൽ നമ്പർ-3/28-5-23) ചെലവഴിച്ചു. ദിവസം 1,500/-രൂപ നിരക്കിൽ 20 ദിവസത്തിന് ആണ് തുക നൽകിയത്. 2022 മാർച്ചിലെ ഹാജർ ബുക്ക് പരിശോധിച്ചതിൽ 19 ദിവസം മാത്രമേ സ്കൂൾ പ്രവർത്തിച്ചിട്ടുള്ളൂ. ആയതിനാൽ ഒരു ദിവസത്തെ വാഹന വാടകയായ 1,500/-രൂപ അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക 8-12-23 ൽ തനത് ഫണ്ട് അക്കൗണ്ടിൽ അടവാക്കിയതിന്റെ രേഖകൾ ഓഡിറ്റ് എൻക്വയറിക്കുള്ള

മറുപടിയോടൊപ്പം ഹാജരാക്കിയിട്ടുണ്ട്. തുക ബന്ധപ്പെട്ട അക്കൗണ്ടിൽ അടവാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ – 15/8-12-23

1-23 പുതിയ തുറന്ന കിണർ നിർമ്മാണം - ഗ്രാമസഭ അംഗീകരിയ്ക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി.

പദ്ധതി - പുതിയ തുറന്ന കിണർ നിർമ്മാണം

അടങ്കൽ – 7,65,000/-രൂപ (നഗരസഞ്ചയ ഫണ്ട്)

ചെലവ് - 7,65,000/-രൂപ ( 3,90,000/- ചെക്ക് നം – 6986412/19.4.22, 1,05,000/- ചെക്ക് നം –6986418/09.05.22, 60,000/- ചെക്ക് നം – 6986420/20.05.22, 75,000/- ചെക്ക് നം –6986421/28.05.22, 1,35,000/- ചെക്ക് നം – 076078/29.03.2023)

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

സ്പിൽ ഓവർ പദ്ധതി പ്രകാരം ഗ്രാമസഭ അംഗീകരിയ്ക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. 51 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം കിണർ നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. 2021-22 അവസാനം നഗരസഞ്ചയ ഫണ്ട് ലഭിച്ചപ്പോൾ ആണ് കിണർ നിർമ്മാണം പദ്ധതി ആവിഷ്കരിച്ചത്. 16-12-21 ലെ 1(1) തീരുമാന പ്രകാരം ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ടി ലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പുതിയ തുറന്ന കിണർ നിർമ്മാണം പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ അടുത്ത ഗ്രാമസഭാ യോഗത്തിൽ ചർച്ച ചെയ്ത് സാധൂകരണം വാങ്ങുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾക്ക് മാത്രം പദ്ധതി പ്രകാരം ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 7,65,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ - 4/6-12-23

നിരാകരിക്കുന്ന തുക – 7,65,000/-രൂപ

1-24 കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്ന് അധികം തുക ചെലവഴിച്ചു.

പദ്ധതി - 75/23, പെർഫോമൻസ് ബേസ്ഡ് ഇൻസെന്റീവ് ഗ്രാന്റിന്റെ വിനിയോഗം

അടങ്കൽ - 9,62,500/-രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട് - 8,66,250/-, ഗുണഭോക്തൃവിഹിതം - 96,250/-)

ചെലവ് - 9,61,875/-രൂപ (കേന്ദ്രാവിഷ്കൃത ഫണ്ട് - 8,66,250/-, ഗുണഭോക്തൃവിഹിതം - 95,625/-)

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

പദ്ധതി പ്രകാരം Bio Energy Tech എന്ന സ്ഥാപനത്തിൽ നിന്ന് 405 റിംഗ് കംപോസ്റ്റ് വാങ്ങി വിതരണം ചെയിതിട്ടുണ്ട്. യൂണിറ്റിന് 2,375/-രൂപയ്ക്കാണ് റിംഗ് കംപോസ്റ്റ് വാങ്ങിയത്. 90% സബ്സിഡി, 10% ഗുണഭോക്തൃ വിഹിതം എന്ന രീതിയിലാണ് വിതരണം ചെയ്യേണ്ടത്. കേന്ദ്രാവിഷ്കൃത ഫണ്ട് - 8,65,687/-രൂപയും ഗുണഭോക്തൃ വിഹിതം - 96,188/-രൂപയും ആണ് ചെലവഴിക്കേണ്ടിയിരുന്നത്. എന്നാൽ കേന്ദ്രാവിഷ്കൃത ഫണ്ട് - 8,66,250/-രൂപ, ഗുണഭോക്തൃവിഹിതം - 95,625/-രൂപ ആണ് ചെലവഴിച്ചിരിക്കുന്നത്. ഗുണഭോക്തൃവിഹിതം ഇനത്തിൽ ചെലവഴിയ്ക്കേണ്ട 563/-രൂപ കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്നാണ് ചെലവഴിച്ചിരിക്കുന്നത്. ഗുണഭോക്തൃ വിഹിതം ഇനത്തിൽ പിരിച്ചെടുത്ത 96,188/-രൂപ തനത് ഫണ്ടിൽ അടവാക്കിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത ഫണ്ടിൽ നിന്ന് അധികം ചെലവഴിച്ച 563/-രൂപ തിരികെ അടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് വി.ഇ.ഒ മറുപടി ലഭ്യമാക്കിയത്. അധികം ചെലവഴിച്ച 563/-രൂപ തിരികെ കേന്ദ്രാവിഷ്കൃത ഫണ്ടിൽ അടവാക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം – 4/6-12-23

1-25 ലൈഫ് ഭവന പദ്ധതി - ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവ് ഭവന നിർമ്മാണം ആരംഭിച്ചില്ല.

പദ്ധതി - ലൈഫ് ഭവന നിർമ്മാണ പദ്ധതി – ജനറൽ (88/23)

അടങ്കൽ - 6,00,00,000/-രൂപ (വികസന ഫണ്ട്-ജനറൽ – 17,29,400/-, ബ്ലോക്ക് ഷെയർ – 2,50,000/-, ലോൺ - 3,82,70,600/-)

ചെലവ് – 40,90,800/-രൂപ(വികസന ഫണ്ട്-ജനറൽ – 17,29,400/-, ബ്ലോക്ക് ഷെയർ - 4,20,000/-, ലോൺ - 19,41,400/-)

ലൈഫ് ഭവന പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിനായി നിർവ്വഹണോദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറുമായി കരാറിൽ ഏർപ്പെട്ട് ആദ്യ ഗഡു കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ ഭവന നിർമ്മാണം ആരംഭിച്ചില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക, ബിൽ നമ്പർ/തീയതി |
|---|---|---|
| 1 | ശ്രീ.സന്തോഷ്.വി,<br>സൗപർണ്ണിക, പായിക്കുഴി | 40,000/-രൂപ,<br>ബിൽ നമ്പർ – 16/9-12-22 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വീട് പണി നടത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. മേൽ ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തി പ്രോജക്ട് ഫലപ്രാപ്തിയിലെത്തിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും പൂർത്തീകരണ വിവരം ലഭ്യമാക്കേണ്ടതുമാണ്. ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാത്തപക്ഷം കരാർ വ്യവസ്ഥകൾ പ്രകാരമുള്ള തുടർ നടപടികൾ സ്വീകരിച്ച് അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 4/6-12-23

1-26 ഹരിതകർമ്മസേന പ്രവർത്തന അവലോകനം

ആകെ വാർഡ് - 17

ആകെ വീടുകൾ - 8978

ആകെ സ്ഥാപനങ്ങൾ – 1142

ജനസംഖ്യ - 28412

17 വാർഡുകളിലായി 34 ഹരിത കർമ്മസേന അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. വീടുകളിൽ നിന്നും മാസം തോറും 50/-രൂപ നിരക്കിലും വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും 100/-രൂപ നിരക്കിലുമാണ് യൂസർ ഫീ ഈടാക്കുന്നത്. വാർഡുകളിലെ എല്ലാ ഭവനങ്ങളിലും സ്ഥാപനങ്ങളിലും കൃത്യമായ ഇടവേളകളിൽ മാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട്. ശേഖരിക്കുന്ന മാലിന്യങ്ങൾ തരംതിരിച്ച് ബെയിൽ ചെയ്ത് ക്ലീൻ കേരള എന്ന സ്വകാര്യ കമ്പനിക്ക് കൈമാറുന്നു. ഹരിതകർമ്മസേന അംഗങ്ങൾക്ക് യൂണിഫോം, ഐ.ഡി കാർഡ് എന്നിവ പഞ്ചായത്ത് ലഭ്യമാക്കിയിട്ടുണ്ട്. എല്ലാ വാർഡുകളിലും മിനി എം.സി.എഫ് ഉണ്ട്. മിനി എം.സി.എഫിൽ നിന്നുള്ള മാലിന്യങ്ങൾ തരംതിരിക്കുന്നതിനും സംഭരിക്കുന്നതിനുമായി ഓച്ചിറ മാർക്കറ്റ്, 2-ാം വാർഡിൽ എം.സി.എഫ്. സ്ഥാപിച്ചിട്ടുണ്ട്.

തരംതിരിച്ച അജൈവ മാലിന്യം സ്വകാര്യ കമ്പനിക്ക് കൈമാറുന്നതിലൂടെ അധികവരുമാനം ഹരിതകർമ്മസേന അംഗങ്ങൾക്ക് ലഭിക്കുന്നു. നിലവിൽ 67% യൂസർഫീ കളക്ഷനാണ് ഉള്ളത്. എൻഫോഴ്സ്മെന്റ് നടപടികൾ ശക്തമാക്കി ഈ വർഷാവസാനത്തോടെ 100% കളക്ഷനിലെത്തുമെന്ന്

പ്രതീക്ഷിക്കുന്നു. യൂസർ ഫീയായി 2023 മാർച്ചിൽ 2,05,305/- രൂപയാണ് ഹരിത കർമ്മ സേനയ്ക്ക് ലഭ്യമായിട്ടുള്ളത്. ഇതിൽ നിന്നും 10% തുക കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിലനിർത്തി ബാക്കി തുക അംഗങ്ങൾക്ക് വേതനമായി നൽകിയിട്ടുണ്ട്. മാർച്ചിൽ അംഗങ്ങൾക്ക് കൂടിയ ശമ്പളം 10,822/-രൂപയും കുറഞ്ഞ ശമ്പളം 4,027/-രൂപയും ആണ്. യൂസർ ഫീ ഒടുക്കുന്നതിൽ പല വീട്ടുകാരും കച്ചവട സ്ഥാപനങ്ങളും വിമുഖത കാണിക്കുന്നുണ്ട്.

1496/2020 തീ. 12.08.20 സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ചുമതലകൾ ഐറ്റം 14 പ്രകാരം തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ നൽകുന്ന ആനുകൂല്യങ്ങൾക്കും സേവനങ്ങൾക്കും യൂസർ ഫീ രസീത്/ഗ്രീൻ കാർഡ് നിബന്ധമാക്കിയിട്ടുണ്ട്. 06.01.23 ലെ 41/2023/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം 100% യൂസർഫീ ശേഖരിക്കുന്നതിന് അനുയോജ്യമായ നടപടികൾ ഭരണസമിതി തീരുമാന പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വീകരിക്കാവുന്നതാണ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 30.09.2023 മുതൽ ഗ്രാമപഞ്ചായത്തിൽ നിന്നുള്ള എല്ലാ സേവനങ്ങൾക്കും ആനുകൂല്യങ്ങൾക്കും ഹരിതകർമ്മസേനയുടെ യൂസർഫീ രസീത് നിർബന്ധമാക്കി.

2022-23 ൽ വിവിധ വാർഡുകളിൽ നിന്നും ശേഖരിച്ച് വേർതിരിച്ച് കൈമാറിയ പ്ലാസ്റ്റിക് ഇനങ്ങളിൽ നിന്നായി 2,19,400/-രൂപ ലഭിച്ചിട്ടുണ്ട്. ഇതിൽ നിന്നും 10% തുക കൺസോർഷ്യത്തിന്റെ ബാങ്ക് അക്കൗണ്ടിൽ നിലനിർത്തി ബാക്കി തുക അംഗങ്ങൾക്ക് വേതനമായി നൽകിയിട്ടുണ്ട്.

എല്ലാ സ്ഥാപനങ്ങളിലും ക്യൂ.ആർ കോഡുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ ഹരിതമിത്രം ആപ്ലിക്കേഷൻ ഉപയോഗിച്ച് പ്രവർത്തനം മോണിറ്റർ ചെയ്യുന്നു. നിരോധിത പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ ഉപയോഗവും, പൊതു നിരത്തുകളിൽ മാലിന്യങ്ങൾ തള്ളുന്നതും തടയുന്നതിനായി എൻഫോഴ്സ്മെന്റ് സ്ക്വാഡ് രൂപീകരിച്ചിട്ടുണ്ട്.

ഹരിതകർമ്മസേനയ്ക്ക് മാലിന്യനീക്കത്തിനായി വാഹനം വാങ്ങി നൽകിയിട്ടുണ്ട്.

<u>തുടർപ്രവർത്തന നിർദ്ദേശങ്ങൾ</u>

1. നിലവിൽ ഹരിതകർമ്മസേനയ്ക്ക് യൂസർഫീ നൽകി അജൈവ മാലിന്യങ്ങൾ കൈമാറാതെ നിസ്സഹകരിക്കുന്ന വീടുകൾക്കും സ്ഥാപനങ്ങൾക്കുമെതിരെ നോട്ടീസ് നൽകി നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. വാർഡുകളിൽ നിന്നും ശേഖരിക്കുന്ന അജൈവ മാലിന്യം സൂക്ഷിക്കുവാൻ താൽക്കാലിക സംവിധാനങ്ങൾ ഇനിയും ഇല്ലാത്തിടങ്ങളിൽ സമയബന്ധിതമായി മിനി MCF സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. പ്രധാന കേന്ദ്രങ്ങളിൽ ബോട്ടിൽ ബൂത്തുകൾ സ്ഥാപിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കണം

3. "മാലിന്യ മുക്ത പഞ്ചായത്ത് "എന്ന ലക്ഷ്യത്തിനായി എല്ലാ വീടുകളിലും സ്ഥാപനങ്ങളിലും ഉചിതമായ ഉറവിട മാലിന്യ പരിപാലന സംവിധാനങ്ങൾ സ്ഥാപിക്കുവാനായി ആവശ്യകത നിർണായക സർവേ നടത്തി, എല്ലാ ഇടങ്ങളിലും സബ്സിഡി നിരക്കിൽ ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥാപിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്.

4. ഉറവിട മാലിന്യപരിപാലന ഉപാധികളിൽ ഉത്പാദിപ്പിക്കുന്ന ജൈവവളം ഉപയോഗിച്ച് ജൈവ പച്ചക്കറി കൃഷി എല്ലാ വീടുകളിലും ഹരിതകർമ്മസേനയുടെ സഹായത്തോടെ ആരംഭിക്കുവാൻ ആവശ്യമായ ക്രമീകരണങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

5. സമയബന്ധിതമായും ക്രമമായ ഇടവേളകളിലും മാലിന്യങ്ങൾ പഞ്ചായത്തുമായി കരാറിലേർപ്പെട്ടിരിക്കുന്ന സ്വകാര്യ കമ്പനി ഏറ്റെടുക്കുകയും കരാർ വ്യവസ്ഥ പ്രകാരം തുക നല്കുകയും ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

<u>1-27 പദ്ധതി ആസൂത്രണത്തിലെ പിഴവ് - പ്രോജക്റ്റുകൾ സ്പിൽ ഓവർ ആകുന്നു, ഫണ്ട് ലാപ്സ്</u>

ആകുന്നു.

2022-23 ൽ സ്പിൽ ഓവറായി നടപ്പിലാക്കിയ പ്രോജക്റ്റുകളാണ് വാർഡ് 17 ൽ ഗുരുമന്ദിരം – നാമ്പോഴിൽ മുക്ക് ഓട നിർമ്മാണം ഒന്നാം ഘട്ടവും, രണ്ടാം ഘട്ടവും.

വാർഡ് 17 ൽ ഗുരുമന്ദിരം – നാമ്പോഴിൽ മുക്ക് ഓട നിർമ്മാണം ഒന്നാം ഘട്ടം (90 മീറ്റർ നീളം ) പ്രോജക്റ്റിന് 26.11.2021 ൽ കരാർ വച്ചു. പ്രോജക്റ്റിന് വകയിരുത്തിയിരുന്നത് 7,68,375/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) രൂപയായിരുന്നു. കരാറുകാരൻ രേഖപ്പെടുത്തിയ തുക (ജി.എസ്.ടി ഉൾപ്പെടെ) 5,29,330/-രൂപയായിരുന്നു. ടെണ്ടർ സേവിംഗ്സായി ലഭിച്ച ബാക്കി തുക ടി വാർഡിലെ അടിയന്തിര പ്രാധാന്യമുള്ള പ്രവൃത്തികൾക്കായി വിനിയോഗിക്കാമെന്ന അസി. എഞ്ചിനീയറുടെ 31.12.2021 ലെ കത്തിന്റെ അടിസ്ഥാനത്തിൽ ടെണ്ടർ നടപടിക്രമങ്ങളിലൂടെ അതേ കരാറുകാരനായ ശ്രീ.പ്രവീൺ കുമാറുമായി ടി പ്രോജക്റ്റിന്റെ രണ്ടാം ഘട്ടമായി (എസ്. ഒ 204/22) 2,39,045/-രൂപ അടങ്കൽ വകയിരുത്തി 31.12.2022 ൽ കരാർ വച്ച് 35.40 മീറ്റർ നീളത്തിൽ ഓട നിർമ്മിച്ചു.

രണ്ടു പ്രോജക്റ്റുകളും 20.04.2022 ൽ ആരംഭിച്ച് 15.07.2022 ൽ പൂർത്തീകരിച്ചിട്ടുണ്ട്. ആദ്യ പ്രോജക്റ്റ് വൈകിയത് നിർവ്വഹണത്തിന് തടസ്സമായി നിന്ന ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കേണ്ടതുള്ളതിനാലും, 2-ാം ഘട്ടമായി നടപ്പിലാക്കിയ 35.40 മീറ്റർ ഓട ഉൾപ്പെടെ നടപ്പിലാക്കണമെന്ന് സ്ഥലവാസികൾ ആവശ്യപ്പെട്ടതിനാലാണെന്നും അസി. എഞ്ചിനീയർ വ്യക്തമാക്കി. 08.12.2023 ൽ നടത്തിയ സ്ഥല പരിശോധനയിൽ 35.40 മീറ്റർ ഉൾപ്പെടെ ഓട ചെയ്തതിനാലാണ് സ്ഥലത്തെ വെള്ളക്കെട്ട് ഒരു പരിധിവരെ പരിഹരിക്കാൻ കഴിഞ്ഞതെന്ന് വ്യക്തമായി. പ്രാദേശികമായ ആവശ്യകത പരിഗണിച്ചല്ല ആദ്യഘട്ട പ്രോജക്റ്റ് ആവിഷ്കരിച്ചതെന്ന് ഇതിൽ നിന്നും വ്യക്തമായി.

മേൽ പരാമർശിച്ച രണ്ടു പ്രോജക്റ്റിനും കൂടിയുള്ള ആകെ ചെലവ് (4,81,680 + 2,30,066 = 7,11,746/-) രൂപയാണ്. 2,50,000/-(വൗച്ചർ നം. XVFC/2022-23/P/51 Dt 10.08.2022), 2,31,680/- (വൗച്ചർ നം. XVFC/2022-23/P/50 Dt 10.08.2022, 2,30,066/- (വൗച്ചർ നം. XVFC/2022-23/P/18 Dt 27.07.2022 )

ആദ്യ ഘട്ടത്തിൽ തന്നെ ഓടയുടെ ആകെ (90 + 35.40 = 125.4) നീളത്തിലുള്ള പ്രവൃത്തിയ്ക്ക് 26.11.2021 ൽ കരാർ വച്ചിരുന്നുവെങ്കിൽ ആവശ്യകത മുന്നിൽ കണ്ട്, പ്രദേശവാസികളുടെ തർക്കം ഒഴിവാക്കി സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാമായിരുന്നു. പ്രോജക്റ്റ് ആസൂത്രണ സമയത്ത് ഓടയുടെ ആകെ നീളത്തിന് ആനുപാതികമായ ചെലവ് കണക്കാക്കാൻ കഴിഞ്ഞില്ലയെന്നത് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ ഭാഗത്ത് നിന്നുള്ള വീഴ്ചയായി വിലയിരുത്തുന്നു.

പ്രാദേശികമായ ആവശ്യകത കണക്കിലെടുത്ത് എസ്റ്റിമേറ്റ് തയ്യാറാക്കിയും ആവശ്യമായ ഫണ്ട് വകയിരുത്തിയും നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഉദ്യോഗസ്ഥരുടേയും, ജനപ്രതിനിധികളുടേയും ശ്രദ്ധ ഉണ്ടാകേണ്ടതാണ്. പദ്ധതികൾ സ്പിൽ ഓവർ ആയി മാറുമ്പോൾ ഫണ്ട് ലാപ്സ് ആകുന്ന സ്ഥിതി വിശേഷം ഉണ്ടാകുന്നുണ്ട്. ആയത് ഒഴിവാക്കുന്നതിന് ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സ്ഥല പരിശോധന റിപ്പോർട്ട് നടത്തിയ തീയതി. 08.12.2023

1-28 വസ്തുനികുതി കുടിശ്ശിക പിരിച്ചെടുത്തില്ല.

വാർഷിക ധനകാര്യ പത്രിക, വസ്തുനികുതി വിവരങ്ങൾ രേഖപ്പെടുത്തിയ സഞ്ചയ-സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ 31.03.23 ലെ വസ്തുനികുതി കുടിശ്ശിക ₹23,19,245/-ആണെന്ന് കണ്ടു. ഇത്തരത്തിൽ വലിയ കുടിശ്ശിക വന്നതിനുള്ള കാരണം, പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.14/08.12.23)ന്, കുടിശ്ശികക്കാരിൽ നിന്നും തുകകൾ ഈടാക്കുന്നതിന് പ്രോസിക്യൂഷൻ, ആർ.ആർ നടപടികൾ സ്വീകരിച്ചിട്ടുള്ളതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

വസ്തുനികുതി പിരിവിനായുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതും നികുതി ഒടുക്കുന്നതിൽ ബോധപൂർവ്വം

വീഴ്ച വരുത്തുന്നവർക്കെതിരായി നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ച് ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-29 ജൽജീവൻ മിഷൻ പൈപ്പ് ലൈൻ സ്ഥാപിച്ചതുമൂലം തകർന്ന റോഡുകളുടെ പുനരുദ്ധാരണം നടപ്പിലായിട്ടില്ല.

ജൽജീവൻ മിഷൻ പദ്ധതികളുടെ ഭാഗമായി ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിലെ 17 പ്രധാന റോഡുകൾ പൈപ്പുകൾ സ്ഥാപിക്കുന്നതിനായി വെട്ടിപൊളിച്ചിരുന്നു. റിപ്പയർ ചെയ്ത ഭാഗങ്ങൾ നിലവാരമില്ലാതെ ചെയ്ത പ്രവൃത്തി കാരണം ഇളകി സഞ്ചാരയോഗ്യമല്ലാതായിട്ടുണ്ട്. പുനർനിർമ്മാണ പ്രവൃത്തി പഞ്ചായത്തിനെ അറിയിച്ചിരുന്നെങ്കിൽ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തെ ഉപയോഗിച്ച് പ്രവൃത്തിയുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് കഴിയുമായിരുന്നു. ജൽജീവൻ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സഞ്ചാര യോഗ്യമല്ലാതായിത്തീർന്ന റോഡുകൾ പുനർനിർമ്മിച്ച് സഞ്ചാരയോഗ്യമാക്കി നൽകാത്തതിനാൽ റോഡിന്റെ ബാക്കി ഭാഗങ്ങൾ കൂടി തകരുകയും ജനങ്ങൾക്ക് റോഡ് ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ സംജാതമാകുകയും ചെയ്തിട്ടുണ്ട്.

ഗ്രാമീണ റോഡുകൾ പഞ്ചായത്തിൽ നിക്ഷിപ്തമായതിനാലും റോഡുകൾ സഞ്ചാരയോഗ്യമാക്കി നൽകേണ്ടത് പഞ്ചായത്തിന്റെ കർത്തവ്യമായതിനാലും ജൽജീവൻ മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി തകർന്ന റോഡുകൾ പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ വാട്ടർ അതോറിറ്റി പുനരുദ്ധാരണം നടത്തി പഞ്ചായത്തിനെ ഏൽപ്പിക്കുകയോ അല്ലെങ്കിൽ ഈ റോഡുകൾ പുനർനിർമ്മിക്കുന്നതിനായി പഞ്ചായത്ത് കണക്കാക്കിയിട്ടുള്ള തുകയായ 8 കോടി 35 ലക്ഷം രൂപ പഞ്ചായത്തിന് കൈമാറുകയോ ചെയ്യണമെന്ന് 21.07.2022 ൽ അജണ്ട 2 തീരുമാനം 1 യോഗം വാട്ടർ അതോറിറ്റി അധികൃതരോടും ജലസേചന വകുപ്പിനോടും ആവശ്യപ്പെട്ടുകൊണ്ട് തീരുമാനം എടുത്തിരുന്നു.

പഞ്ചായത്തിന്റെ അനുമതി വാങ്ങാതെയാണ് വാട്ടർ അതോറിറ്റി പ്രസ്തുത പ്രവൃത്തികൾ ചെയ്തതെന്നും ടി സ്ഥലത്ത് പുനരുദ്ധാരണ പ്രവൃത്തികൾ ചെയ്യുന്നതിന് പഞ്ചായത്തിന് ഏകദേശം 8 കോടി 35 ലക്ഷത്തോളം രൂപ ചെലവ് വരുമെന്ന് കണക്കാക്കി (എസ്റ്റിമേറ്റ് തയ്യാറാക്കാതെയാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്) കേരള വാട്ടർ അതോറിറ്റി, ചവറ അസി. എക്സി. എഞ്ചിനീയർക്ക് 16.08.2022 ൽ കത്ത് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ വാട്ടർ അതോറിറ്റിയിൽ നിന്നും നടപടികൾ ഉണ്ടായിട്ടില്ല. പഞ്ചായത്ത് മേൽ വിഷയത്തിൽ പുനർ നടപടികളും സ്വീകരിച്ചിട്ടില്ല.

2023-24 ൽ എസ്റ്റിമേറ്റ് എടുത്ത വാർഡ് 14 ലെ കോലേപ്പള്ളിൽ – റേഡിയോമുക്ക് റോഡ് റീടാറിംഗ് (എസ്.ഒ.80/24) എന്ന പ്രവൃത്തി 368 മീറ്റർ ചെയ്യാനായിരുന്ന 10,00,000/-രൂപ അടങ്കൽ വകയിരുത്തിയത്. എന്നാൽ സ്ഥലത്ത് ജലജീവൻ മിഷന്റെ പൈപ്പ് ലൈൻ ഇട്ടതുമൂലം റോഡിന്റെ ടാറിംഗ് ഭാഗത്തിൽ ശരാശരി 90 സെ.മീ വീതിയിൽ എസ്കവേഷൻ, റീഫില്ലിംഗ് എന്നിവ നടത്തിയിരുന്നുവെങ്കിലും റെസ്റ്റോറേഷൻ നടത്തിയിട്ടില്ല. ടി സ്ഥലത്ത് മതിയായ റെസ്റ്റോറേഷൻ നടത്താത്തതിനാലും, റീടാറിംഗ് മാത്രം ഉദ്ദേശിച്ചിരുന്ന ഭാഗത്ത് പൈപ്പ് ലൈൻ പ്രവൃത്തി മൂലം റീസർഫസിംഗും നടത്തേണ്ട സാഹചര്യം ഉണ്ടായതിനാലും ഈ ചെലവുകൾ കൂടി ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടിവന്നു. റിവൈസ് ചെയ്ത എസ്റ്റിമേറ്റ് പ്രകാരം 368 മീറ്ററിനു പകരം 260 മീറ്റർ മാത്രമാണ് വകയിരുത്തിയ തുകയിൽ ചെയ്യാൻ കഴിയുന്നത്.

മേൽ സാഹചര്യത്തിൽ ജലജീവൻ മിഷൻ പൈപ്പ് ലൈൻ ഇട്ട 17 പ്രധാന റോഡുകളുടെയും പുനരുദ്ധാരണ പ്രവൃത്തികളിൽ ഇത്തരത്തിൽ ചെലവ് കൂടാൻ സാധ്യതയുള്ളതിനാൽ വാട്ടർ അതോറിറ്റിയിൽ നിന്നും റെസ്റ്റോറേഷൻ ചാർജ് ഇനത്തിൽ തുക ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 8/06.12.2023

## 1-30 പൊതുമരാമത്ത് പദ്ധതികൾ സമയബന്ധിതമായി നടപ്പിലാകുന്നില്ല.

അസി. എഞ്ചിനീയർ നിർവ്വഹണം നടത്തിയ പശ്ചാത്തല മേഖലയിലെ സ്പിൽ ഓവർ ഉൾപ്പെടെയുള്ള പ്രോജക്ടുകളുടെ ആകെ ചെലവ് 1,79,96,958/-രൂപയാണ്. സ്പിൽ ഓവർ പദ്ധതികൾക്കായി ആകെ 70,62,654/-രൂപ (ആകെ ചെലവിന്റെ 39%) തുക ചെലവഴിച്ചിട്ടുണ്ട്. പുതിയ പദ്ധതികൾക്കായി 61% തുകയാണ് തൻവർഷം ചെലവഴിച്ചിട്ടുള്ളത്. പശ്ചാത്തല മേഖലയിൽ മെയിന്റനൻസ് ഫണ്ട് - റോഡ് ഇനത്തിൽ ആകെ അനുവദിക്കപ്പെട്ട 94,55,000/-രൂപയിൽ ചെലവ് വന്നത് 44,57,247/-രൂപയാണ്. (47%) ആകെ പദ്ധതി അടങ്കൽ 1,02,36,800/-രൂപയാണ്. 43% മാത്രമാണ് പദ്ധതി അടങ്കൽ ചെലവ്. പദ്ധതികൾ സ്പിൽ ഓവർ ആയി മാറിയതിനും, ചെലവ് ശതമാനം കുറഞ്ഞതിനുമുള്ള സാഹചര്യം വിശദീകരിക്കുന്നതിനായി നല്കിയ ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) ഭരണാനുമതി ലഭിച്ച പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി ലഭ്യമായിട്ടുള്ളത് ഏകദേശം 4 മാസങ്ങൾക്ക് ശേഷമാണ്.

(2) ടാറിംഗ് വർക്കുകൾ നിലനിൽക്കുന്നതിന് ആവശ്യമായ ബേം കോൺക്രീറ്റ് ഉൾപ്പെടുത്താതെ വാർഡ് തലത്തിൽ വിഭജിക്കപ്പെടുന്ന ഫണ്ടുകൾ വച്ച് പരമാവധി നീളത്തിൽ ടാറിംഗിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുമ്പോൾ ലോക്കൽ മാർക്കറ്റ് റേറ്റ് മൈനസിലേയ്ക്ക് താഴുന്ന സാഹചര്യം കാരണം കരാറുകാർ പ്രവൃത്തി ഏറ്റെടുക്കാതിരിക്കുന്നു.

(3) മാർച്ച് മാസത്തിലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിൽ ഉൾപ്പെടെ പുതിയ പ്രോജക്ടുകൾ നടപ്പാക്കുന്നതിനും നിലവിലെ പ്രോജക്ടുകൾ ഒഴിവാക്കുന്നതിനും തീരുമാനങ്ങൾ എടുക്കുന്നത് ടെണ്ടർ നടപടിക്രമങ്ങൾ വൈകുന്നതിനും വർക്കുകൾ സ്പിൽ ഓവർ ആകുന്നതിനും കാരണമാകുന്നു.

(4) പ്രാദേശികമായ ആവശ്യകത, സൈറ്റിലെ നിലവിലെ അവസ്ഥ എന്നിവ പരിഗണിച്ച് പ്രോജക്ടുകൾ ആവിഷ്ക്കരിക്കാത്തതിനാൽ സ്ഥലവാസികളുടെ തർക്കം പരിഹരിക്കുന്നതിന് വീണ്ടും തുടർ പ്രോജക്ട് വച്ച് ടെണ്ടർ നടപടികൾ സ്വീകരിക്കുന്നത് കാരണം പ്രവൃത്തികൾ സ്പിൽ ഓവർ ആക്കുന്ന സാഹചര്യം ഉണ്ടാക്കുന്നു.

നടപ്പു സാമ്പത്തിക വർഷം ഒക്ടോബറിൽ തന്നെ കരാർ വച്ച് സൈറ്റ് കൈമാറിയിട്ടുള്ളതിനാൽ സമയബന്ധിതമായി വർക്കുകൾ നടപ്പിലാക്കാൻ സാധിക്കുമെന്ന് അസി. എഞ്ചിനീയർ മറുപടി നല്കി.

സമയബന്ധിതമായി പ്രവൃത്തികൾക്ക് ടെണ്ടർ നടപടി ക്രമങ്ങൾ പൂർത്തീകരിക്കുന്നതിനും കരാർ വച്ച് സൈറ്റ് കൈമാറി പ്രവൃത്തി നടപ്പിലാക്കുന്നതിനും അധികൃതരുടെ ഭാഗത്ത് പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നമ്പർ - 17/ 08.12.2023

## 1-31 മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി അവലോകനം

2022-23 ൽ മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 77 സ്വകാര്യഭൂമികളിൽ മണ്ണ് ജലസംരക്ഷണ പ്രവൃത്തികൾക്കും, 8 വ്യക്തിഗത ആനുകൂല്യ പ്രവൃത്തികൾക്കും 19 മരാമത്ത് പ്രവൃത്തികൾക്കും തുക ചെലവഴിച്ചു. 10,45,00,000/-രൂപ ചെലവ് ചെയ്ത് 2,04,018 തൊഴിൽദിനങ്ങൾ ലഭ്യമാക്കുന്ന 1070 പ്രവൃത്തികളുടെ ആക്ഷൻ പ്ലാനാണ് 2022-23 ൽ അംഗീകരിച്ചത്. എന്നാൽ കേവലം 1,01,796 തൊഴിൽദിനങ്ങളാണ് തൻവർഷം സൃഷ്ടിക്കപ്പെട്ടത്. തൊഴിലിനായി ആകെ 4211 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തുവെങ്കിലും 1315 കുടുംബങ്ങൾ മാത്രമാണ് തൊഴിലിന് അപേക്ഷ നല്കിയത്. 546 കുടുംബങ്ങൾ 100 തൊഴിൽദിനം പൂർത്തീകരിച്ചിട്ടുണ്ട്. തൊഴിൽ ആവശ്യപ്പെട്ട 96% പേർക്കും തൊഴിൽ ലഭിച്ചിട്ടുണ്ട്. ഭരണച്ചെലവ്, സാധനസാമഗ്രികളുടെ ചെലവ് ഉൾപ്പെടെ ആകെ ചെലവ് 434.19 ലക്ഷം രൂപയാണ്. മെറ്റീരിയൽ പ്രവൃത്തികളിൽ സിമന്റിന് പ്രാദേശിക നിരക്ക് നിശ്ചയിച്ചിട്ടില്ല. വിജിലൻസ് & മോണിറ്ററിംഗ് സമിതികൾ പ്രവർത്തിക്കുന്നില്ല. ആയത് പുനരുജ്ജീവിപ്പിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സീകരിക്കേണ്ടതാണ്.

1-32 ഇ-പേയ്മെന്റ് അക്കൗണ്ടിൽ എല്ലാ വരവ് തുകകളും ക്രഡിറ്റ് ആകുന്നില്ല.

എസ്.ബി.ഐ ഇ-പേയ്മെന്റ് അക്കൗണ്ടിന്റെ (A/c No.37044465724) 31.03.23 ലെ പൊരുത്തപ്പെടുത്തൽ പത്രികയിൽ "ചെക്ക് ഡെപ്പോസിറ്റഡ് ബട്ട് നോട്ട് ക്ലിയേഡ് " എന്ന് രേഖപ്പെടുത്തിയിട്ടുള്ള തുകയായ ₹39,684/- ക്രമീകരിച്ചിട്ടില്ല. പൊരുത്തപ്പെടുത്തൽ പത്രികയുടെ വിശദാംശങ്ങൾ പരിശോധിച്ചതിൽ ഈ ഹെഡിൽ കാണിച്ചിട്ടുള്ള തുകയിൽ 05.07.22 മുതലുള്ള തുകകൾ ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആയിട്ടില്ലായെന്ന് കാണുന്നു. 2022 ഏപ്രിൽ മാസം മുതലുള്ള പൊരുത്തപ്പെടുത്തൽ പത്രികയിൽ ഈ ഇനത്തിൽ തുകകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

വരവ് ഇനത്തിലെ തുകകൾ ക്രഡിറ്റ് ആകാത്തതിനുള്ള കാരണം വിശദീകരിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.14/08.12.23) വിവാഹം, ജനന, മരണ രജിസ്ട്രേഷൻ സംബന്ധിച്ച് ഓൺലൈനായി ഒടുക്കുന്ന തുകകൾ യഥാസമയം ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആകുന്നില്ലായെന്നും ഇത്തരത്തിലെ തുകകൾ ഐ.കെ.എം ന്റെ മെയിൻ അക്കൗണ്ടിൽ നിന്നും പഞ്ചായത്തുകളിലേക്ക് നല്കുന്ന രീതി തുടർന്നു വരുന്നതിനാലാണ് യഥാസമയം ക്രഡിറ്റ് ആകാത്തതെന്നുമാണ് അറിയിച്ചിട്ടുള്ളത്.

തുകകൾ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്യുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിശദവിവരം സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

1-33 കണ്ടിജൻസി ചെലവുകൾക്ക് അനുവദിച്ച അഡ്വാൻസുകൾ ക്രമീകരിച്ചില്ല.

ഘടക സ്ഥാപനങ്ങൾക്ക് കണ്ടിജൻസി ചെലവുകൾക്ക് തുക അനുവദിക്കൽ എന്ന പ്രോജക്റ്റ് (നം.83/23) പ്രകാരം താഴെ പറയുന്ന നിർവ്വഹണോദ്യോഗസ്ഥർ പേർക്ക് തനത് ഫണ്ടിൽ നിന്നും അഡ്വാൻസുകൾ അനുവദിച്ചിരുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

| തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ | അനുവദിച്ച തുക ₹ | ചെക്ക് നം., തീയതി | വൗച്ചറുകൾ പ്രകാരം ക്രമീകരിച്ച തുക ₹ | ബാക്കി തുക/ തിരികെ ₹ ഒടുക്കാനുള്ള തുക |
|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 25,000/-<br>5,000/- | 6986438/26.08.22<br>6986475/08.02.23 | 24,750/-<br>0 | 250/-<br>5,000/- |
| കൃഷി ഓഫീസർ | 20,000/- | 6986443/02.09.22 | 11,193/- | 8,807/- |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് വിനിയോഗിക്കാത്ത തുക തുടർ വർഷം ക്രമീകരിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ലാത്തതിനാൽ ₹14,057/- ടെ ചെലവ് തടസ്സപ്പെടുത്തുന്നു. മുൻകൂർ അനുവദിച്ച തുകകൾ ക്രമീകരിച്ചതിന്റെ രേഖകൾ ലഭ്യമാക്കേണ്ടതാണ്. അഡ്വാൻസുകൾ യഥാസമയം ക്രമീകരിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. - 13/08.12.2023

തടസ്സപ്പെടുത്തുന്ന തുക – 14,057/-രൂപ

1-34 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയില്ല.

ഗ്രാമപഞ്ചായത്തിന്റെ വാർഷിക ധനകാര്യ പത്രിക B-18 ഷെഡ്യൂൾ പരിശോധിച്ചതിൽ വിവിധ പ്രവൃത്തികളുടെ നിർവ്വഹണത്തിനായി കെ.എസ്.ഇ.ബി, കേരള ജല അതോറിറ്റി, എന്നീ സ്ഥാപനങ്ങളിൽ നിക്ഷേപിച്ചിട്ടുള്ള തുകകൾക്കനുസൃതമായ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുള്ളതായി കാണുന്നില്ല. അഡ്ജസ്റ്റ് ചെയ്തിട്ടില്ലാത്ത തുകകളുടെ വിവരം ഹെഡ് വൈസായി താഴെ ചേർക്കുന്നു.

| ക്രമ നം. | ധനകാര്യ പത്രികയിലെ ഹെഡ്കോഡ് | തുക സ്വീകരിച്ച സ്ഥാപനം | 01.04.22 വരെ അഡ്ജസ്റ്റ് ചെയ്യാനുള്ള തുക ₹ |
|---|---|---|---|
| 1 | 460500201 | കേരള വാട്ടർ അതോറിറ്റി | 85,500/- |
| 2 | 460500202 | കേരള ഇലക്ട്രിസിറ്റി ബോർഡ് | 18,67,773/- |

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്, മറുപടിയിൽ വിനിയോഗസാക്ഷ്യപത്രം ലഭിക്കാത്തതിനാലാണ് തുകകൾ ക്രമീകരിച്ചിട്ടില്ലാത്തതെന്ന മറുപടിയാണ് സെക്രട്ടറി ലഭ്യമാക്കിയിട്ടുള്ളത്.

ഏതൊക്കെ പ്രവൃത്തികൾ/പ്രോജക്ടുകൾ നടപ്പിലാക്കുന്നതിനാണ് തുകകൾ നിക്ഷേപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്. ഓരോ പ്രവൃത്തിയ്ക്കും തുക നല്കിയ വൗച്ചർ/ബിൽ നം./ചെക്ക് നം., തീയതി, സ്ഥാപനം, പ്രോജക്ട് നം., ഫണ്ട് ഇനം, എസ്റ്റിമേറ്റ് തുക, കരാർ, പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്നീ വിവരങ്ങൾ പൂർത്തീകരണ സാക്ഷ്യപത്രം, ഫൈനൽ ബിൽ വിശദാംശങ്ങൾ, വിനിയോഗ സാക്ഷ്യപത്രം എന്നിവ സഹിതം ലഭ്യമാക്കേണ്ടതാണ്. പദ്ധതികളുടെ പൂർത്തീകരണത്തിനായി സ്വീകരിച്ച തുടർ നടപടികളുടെ വിവരം അറിയിക്കേണ്ടതും ദീർഘകാലമായി തുകകൾ നിഷ്ക്രിയ ആസ്തിയായി മേൽ സ്ഥാപനങ്ങളിൽ നിക്ഷേപിക്കപ്പെട്ടിട്ടുള്ളതിന്റെ കാരണം വിശദീകരിക്കേണ്ടതുമാണ്. നടപ്പിലാക്കാത്ത പ്രോജക്ടുകളുടെ തുകകൾ തിരികെ ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണം നം. - 14/08.12.23

## 1-35 കടമുറികളുടെ വസ്തുനികുതി നിർണ്ണയിച്ചതിൽ അനധികൃത ഇളവ് അനുവദിച്ചിരിക്കുന്നു.

വസ്തുനികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ ഒരേ കെട്ടിടത്തിലെ താഴത്തെ നിലയിലെ കടമുറികൾക്ക് വഴി സൗകര്യത്തിനനുസൃതമായി നികുതിക്ക് നല്കിയ വർദ്ധനവ് ഒന്നാം നിലയിലെ കടമുറികൾക്ക് നല്കിയിട്ടില്ല.

സഞ്ചയ സോഫ്റ്റ് വെയറിലെ ന്യൂ ബിൽഡിംഗ് സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ ശ്രീ. ബദറുദ്ദീൻ കുട്ടി, ശ്രീമതി റജില എന്നിവരുടെ പേരിലുള്ള (വാണിജ്യാവശ്യം) 4/706 എന്ന് നമ്പർ നല്കിയിരുന്ന കെട്ടിടത്തിന് 4/706, 4/872, 4/873, 4/874, 4/875, 4/876 എന്നിങ്ങനെ പുനർ നമ്പറിംഗ് നടത്തിയിട്ടുണ്ട്. ഈ കടമുറികളുടെ നികുതി നിർണ്ണയിച്ചപ്പോൾ വഴി സൗകര്യത്തിനനുസൃതമായി 20% വർദ്ധനവ് വരുത്തിയാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. എന്നാൽ ഈ കെട്ടിടത്തിന്റെ ഒന്നാം നിലയിലുള്ള 4/707 നമ്പർ കെട്ടിത്തിന്റെ നികുതി നിർണ്ണയ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ നികുതിയിൽ ഇത്തരത്തിലെ വർദ്ധനവ് വരുത്തിയിട്ടില്ല എന്ന് കണ്ടു.

വിദ്യാഭ്യാസ ആവശ്യം എന്ന തരത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കടമുറിയുടെ വിവരങ്ങൾ താഴെ ചേർക്കുന്നു.

തറവിസ്തീർണ്ണം = 88 ചമീ., (@8 നിരക്കിൽ) അടിസ്ഥാന വസ്തുനികുതി = ₹704/- (വഴി സൗകര്യത്തിനനുസൃതമായി 20% വർദ്ധനവ് വരുത്തിയിട്ടില്ല)

നികുതി നിർണ്ണയ ഫയലിൽ ഉൾപ്പെടുത്തിയിട്ടുള്ള കംപ്ലീഷൻ പ്ലാനിൽ ഈ കടമുറി ഒന്നാം നിലയിൽ എന്നാണ് കാണിച്ചിട്ടുള്ളതെങ്കിലും സഞ്ചയ സോഫ്റ്റ് വെയറിലെ ഫോം നം.6 പ്രകാരം ആയത് താഴത്തെ നിലയിലെന്നാണ് കാണിച്ചിട്ടുള്ളത്.

മേൽ അപാകതകൾക്ക് കാരണം വിശദമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് അപാകതകൾ പരിശോധിച്ച് നികുതി പുനർ നിർണ്ണയിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

സ്ഥല പരിശോധന നടത്തി റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നികുതി പുനർ നിർണ്ണയിച്ച് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

ഓഡിറ്റ് അന്വേഷണം നം. – 19/11.12.23

1-36 അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസിയർ സാക്ഷ്യപ്പെടുത്തിയ അളവുകൾ പരിഗണിക്കാതെ വസ്തു നികുതി നിർണ്ണയിച്ചു.

വിവിധ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ ഫയലുകൾ പരിശോധിച്ചതിൽ അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസിയർ സാക്ഷ്യപ്പെടുത്തി നല്കിയ അളവുകൾ പരിഗണിക്കാതെ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചു നല്കിയിട്ടുള്ളതായി കാണുന്നു. അസിസ്റ്റന്റ് എഞ്ചിനീയർ / ഓവർസിയർ എന്നിവർ സാക്ഷ്യപ്പെടുത്തി നല്കിയ കംപ്ലീഷൻ പ്ലാൻ, സൈറ്റ് പ്ലാൻ, ഫീൽഡ് പരിശോധനാ റിപ്പോർട്ട് എന്നിവയിലെ വിവരങ്ങൾ പരിഗണിക്കാതെയാണ് നികുതി നിർണ്ണയത്തിൽ ഇളവുകൾ നല്കിയിട്ടുള്ളത്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

(I) 4/870 നമ്പർ കെട്ടിടത്തിന്റെ (പാർപ്പിടാവശ്യം - ഉടമസ്ഥൻ - ശ്രീ.അബ്ദുൾ ലത്തീഫ്, മുല്ലശ്ശേരിൽ) നികുതി നിർണ്ണയ ഫയലിൽ ഉൾപ്പെട്ട കംപ്ലീഷൻ പ്ലാൻ പ്രകാരം കെട്ടിടത്തിന് 6 M വീതിയുള്ള റോഡിൽ നിന്നും പ്രവേശനം കാണിച്ചിട്ടുണ്ട്. എന്നാൽ നികുതി നിർണ്ണയിച്ചപ്പോൾ വഴി സൗകര്യത്തിനനുസൃതമായി നല്കേണ്ട 20% വർദ്ധനവ് നികുതിയിൽ വരുത്തിയിട്ടില്ല.

തറവിസ്തീർണ്ണം - 187.13 ച.മീ., അടിസ്ഥാന നികുതി നിരക്ക് @8/ച.മീ.

നിർണ്ണയിച്ച അടിസ്ഥാന നികുതി = 187.13 X 8 = ₹1,498/-രൂപ

ഇത്തരത്തിൽ ഇളവ് അനുവദിച്ചതിന് കാരണം വിശദീകരിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ഈ കെട്ടിടത്തിലേക്കുള്ള ശരിയായ അക്സസ് അഞ്ചു മീറ്ററിൽ കുറഞ്ഞ വീതിയുള്ള റോഡിൽ നിന്നായതിനാലാണ് നികുതി വർദ്ധനവ് വരുത്താത്തതെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

(II) 1/793 നമ്പർ കെട്ടിടത്തിന്റെ ( പാർപ്പിടാവശ്യം - ഉടമസ്ഥൻ – ശ്രീമതി രാജേശ്വരി ബി, കളത്തിൽ ) നികുതി നിർണ്ണയ ഫയലിലെ ഓവർസിയറുടെ സൈറ്റ് പരിശോധനാ റിപ്പോർട്ടിൽ താഴത്തെ നില 99.5 ചമീ., ഒന്നാം നില 80 ചമീ. എന്നും മേൽക്കൂര "R.C.C" എന്നും രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും കുറഞ്ഞതരം മേൽക്കൂര എന്ന് രേഖപ്പെടുത്തി നികുതിയിൽ 10% ഇളവ് നല്കിയിട്ടുണ്ട്.

തറവിസ്തീർണ്ണം - 179.5 ച.മീ. (താഴത്തെ നില- 99.5 ച.മീ. ,ഒന്നാം നില -80 ച.മീ.), അടിസ്ഥാന നികുതി നിരക്ക് @8/ച.മീ.

നിർണ്ണയിച്ച അടിസ്ഥാന നികുതി = 179.5 X 8 = ₹1,436/-രൂപ

ഇത്തരത്തിൽ ഇളവ് അനുവദിച്ചതിന് കാരണം വിശദീകരിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് കെട്ടിടത്തിന്റെ താഴത്തെനില കോൺക്രീറ്റും അതു കഴിഞ്ഞുള്ള ഭാഗം ഓടു പാകിയിട്ടുള്ളതും മുകളിലത്തെ നില പൂർണ്ണമായും ഓട് പാകിയിട്ടുള്ളതുമായതിനാലാണ് നികുതി ഇളവ് നല്കിയതെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

എന്നാൽ ആയതിന്റ കൃത്യമായ അളവുകൾ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

(III) 12/827 നമ്പർ കെട്ടിടത്തിന്റെ ( വാണിജ്യാവശ്യം - ഉടമസ്ഥൻ - ശ്രീ ഗോപകുമാർ, ശ്രീമതി സംഗീത ) പരിശോധനാ റിപ്പോർട്ടിൽ മേൽക്കൂരയുടെ തരം "R.C.C" എന്നാണ് അസിസ്റ്റന്റ് എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും കുറഞ്ഞതരം മേൽക്കൂര എന്ന് രേഖപ്പെടുത്തി നികുതിയിൽ 10% ഇളവ് അനുവദിച്ചിട്ടുണ്ട്.

തറവിസ്തീർണ്ണം - 914 ച.മീ. (താഴത്തെ നില - 442 ച.മീ., ഒന്നാം നില – 472 ച.മീ.) ന് അടിസ്ഥാന നികുതി നിരക്ക് @70/ച.മീ. പ്രകാരം നികുതി = ₹63,980/-

ആകെ വർദ്ധനവ് - 35% ( വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് - 20%, തറനിർമ്മിതിയുടെ അടിസ്ഥാനത്തിൽ വർദ്ധനവ് - 15% ) = ₹22,393/-

മേൽക്കൂരയുടെ ഇളവ് - 10% = ₹6,398/-

നിർണ്ണയിച്ച അടിസ്ഥാന നികുതി =₹79,975/-

അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ട് പരിഗണിക്കാതെ ഇളവു നല്കിയതിനുള്ള കാരണം വിശദീകരിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് സ്ഥല പരിശോധനയിൽ കെട്ടിടത്തിന്റെ താഴത്തെ നില കോൺക്രീറ്റ് അല്ലായെന്നതിനാലാണ് ഇളവ് അനുവദിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർമാർ എന്നിവർ നല്കിയ അളവുകളിൽ നിന്നും റിപ്പോർട്ടിൽ നിന്നും വ്യതിചലിച്ചും റിപ്പോർട്ട് പരിഗണിക്കാതെയും വ്യത്യസ്തമായ ഡാറ്റാ രേഖപ്പെടുത്തി നികുതി നിർണ്ണയത്തിൽ നല്കിയിട്ടുള്ള ഇളവുകൾ ഫീൽഡ് പരിശോധന നടത്തി ഉറപ്പു വരുത്തി നികുതി നിർണ്ണയം കൃത്യമായ രേഖകളുടെ പിൻബലത്തിൽ നടത്തേണ്ടതും ആവശ്യമെങ്കിൽ നികുതി പുനർ നിർണ്ണയിക്കേണ്ടതുമാണ്. ധനകാര്യ-വികസന സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശ്രദ്ധയിൽ ഈ വിഷയം കൊണ്ടുവരുന്നു.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. – 19/11.12.23

1-37 സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി മെയിന്റനൻസ് ഗ്രാന്റ് ചെലവഴിച്ചു.

ഗ്രാമപഞ്ചായത്തിൽ വാർഷിക പദ്ധതിയിൽ മെയിന്റനൻസ് ഫണ്ട് (നോൺ റോഡ്) തുക വകയിരുത്തി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, പൊതു ടാപ്പുകളുടെ കണക്ഷൻ വിഛേദിക്കൽ എന്നീ പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | ബിൽ നം., തീയതി | തുക ₹ | തുക കൈപ്പറ്റിയത് |
|---|---|---|---|---|
| 1 | 182/23– പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 28/20.02.23 | 1,53,605/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കൊല്ലം |
| 2 | 183/23 – പൊതു ടാപ്പുകളുടെ കണക്ഷൻ വിഛേദിക്കൽ | 26/15.02.23 | 3,09,682/- | എക്സിക്യൂട്ടീവ് എഞ്ചിനീയർ, കേരള വാട്ടർ അതോറിറ്റി, കൊല്ലം |

വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ മെയിന്റനൻസ് ആവശ്യത്തിലേക്കായി അനുവദിച്ച ഫണ്ടിൽ നിന്നും സർക്കാർ നിർദ്ദേശം മറികടന്ന് തുക വകമാറ്റി പ്രോജക്ട് ചെലവ് നടത്തിയതിനുള്ള കാരണം വിശദീകരിക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ചെലവുകൾ അനിവാര്യമായിരുന്നതിനാലും മറ്റ് ഫണ്ടുകൾ കണ്ടെത്താൻ സാധിക്കാത്ത സാഹചര്യത്തിലുമാണ് ഈ ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചതെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ക്രമ നം.1 ൽ പരാമർശിച്ചിട്ടുള്ള പ്രോജക്ട് പൂർത്തിയാക്കി വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

മെയിന്റനൻസ് ഗ്രാന്റ് വിനിയോഗം സംബന്ധിച്ച 09.12.2004 ലെ ജി.ഒ (എം.എസ്) 330/2004 /ത.സ്വ.ഭ.വ സർക്കാർ ഉത്തരവിൽ ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് അനുവാദം ഇല്ല. 09.04.23 ലെ 90/23/എൽ.എസ്.ജി.ഡി സർക്കാർ ഉത്തരവിൽ പൊതുടാപ്പുകളുടെ വെള്ളക്കരം ഒടുക്കൽ

ഉൾപ്പെടെയുള്ള ചെലവുകളെ ഈ ഫണ്ട് വിനിയോഗിച്ചുള്ള ചെലവിന്റെ നെഗറ്റീവ് ലിസ്റ്റിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ ലഭ്യമായിരുന്ന വിവിധ ഫണ്ടുകളുടെ വിവരം പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ നിന്നും മുൻവർഷങ്ങളിൽ ( 2017-18, 2018-19, 2019-20) വിവിധ പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രോജക്ടുകൾക്കായി കേരള വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചിരുന്ന തുകയിൽ (ഫണ്ട് ഇനം- ധനകാര്യ കമ്മീഷൻ ഗ്രാന്റ് ബേസിക്) വിനിയോഗ ശേഷം ബാക്കി വന്ന ₹6,96,532/- കേരള വാട്ടർ അതോറിറ്റിയിൽ നിന്നും ഗ്രാമപഞ്ചായത്തിന് 31.03.22 ന് തിരികെ നല്കിയിട്ടുണ്ട് (രസീത് നം.121020900134). ഈ തുക സമാന പ്രോജക്ടുകൾക്കായി വിനിയോഗിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതിനാലാണ് യഥാസമയം സർക്കാരിലേക്ക് തിരികെ ഒടുക്കാതിരുന്നതെന്ന മറുപടിയും ലഭ്യമാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശം ലംഘിച്ച് മെയിന്റനൻസ് ഫണ്ടിൽ നിന്നും നടത്തിയ 4,63,287/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. അനധികൃതമായി ചെലവഴിച്ച തുക സർക്കാരിലേക്ക് തിരികെ ഒടുക്കേണ്ടതാണ്.

ക്രമ നം.2 പ്രോജക്ട് തുകയുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

(B) കേരള വാട്ടർ അതോറിറ്റിയിൽ നിന്നും 31.03.22 ന് തിരികെ ലഭിച്ച ₹6,96,532/-രൂപ നാളിതുവരെ പ്രോജക്ടുകൾ കണ്ടെത്തി ചെലവഴിച്ചിട്ടില്ലാത്തതിനാൽ ഭരണവകുപ്പിന്റെ നിർദ്ദേശം തേടി ബന്ധപ്പെട്ട ഹെഡിൽ തിരികെ ഒടുക്കേണ്ടതാണ്.
ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. – 13/08.12.23
തടസ്സപ്പെടുത്തുന്ന തുക – 4,63,287/-രൂപ

## 1-38 വാണിജ്യാവശ്യത്തിനുള്ള കടമുറികളുടെ നികുതി നിർണ്ണയത്തിൽ നിയമാനുസൃതമല്ലാത്ത ഇളവ് അനുവദിച്ചു.

ന്യൂ ബിൽഡിംഗ് സ്റ്റേറ്റ്മെന്റ് പ്രകാരം ശ്രീ. മുരളീധരന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ കടമുറികളുടെ നികുതി നിർണ്ണയ രേഖകൾ പരിശോധിച്ചതിൽ ഏഴു കടമുറികളുടെ നികുതി നിർണ്ണയിച്ചു നല്കിയിട്ടുണ്ട്. 17/627, 17/678, 17/713, 17/714, 17/715, 17/716, 17/717 എന്നീ നമ്പരുകൾ നല്കിയാണ് നികുതി നിർണ്ണയിച്ചു നല്കിയിട്ടുള്ളത്. നികുതി നിർണ്ണയ ഫയലിൽ ലഭ്യമാക്കിയിട്ടുള്ള കംപ്ലീഷൻ പ്ലാൻ പരിശോധിച്ചതിൽ കെട്ടിടത്തിന്റെ സെല്ലാർ ഏരിയ 340 ച.മീ, ഗ്രൗണ്ട് ഫ്ലോർ ഏരിയ 340 ച.മീ, ഹെഡ് റൂം ഏരിയ 20.26 ച.മീ. (ആകെ ഏരിയ 700.26) എന്നിങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ വാണിജ്യകെട്ടിടത്തിനു ബാധകമായ നികുതി നിർണ്ണയിച്ചു നല്കിയപ്പോൾ കോമൺ ആയി ഉപയോഗിക്കുന്ന ഏരിയ ഉൾപ്പടെ കണക്കാക്കി 355.84 ച.മീ. തറ വിസ്തീർണ്ണത്തിനുള്ള നികുതി മാത്രമാണ് ഈടാക്കിയിട്ടുള്ളത്. ഇതിൽ 17/678 എന്ന കെട്ടിടത്തിന് ( തറ വിസ്തീർണ്ണം 50 ച.മീ.) ചതുരശ്ര മീറ്ററിന് 60/-രൂപ നിരക്കിലും മറ്റു കടമുറികൾക്ക് ചതുരശ്ര മീറ്ററിന് 70/-രൂപ നിരക്കിലുമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

ഇത്തരത്തിൽ നികുതി നിർണ്ണയത്തിലെ അപാകതകൾക്ക് മറുപടി ലഭ്യമാക്കുന്നതിന് നല്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് കെട്ടിടത്തിന്റെ സെല്ലാർ ഏരിയ പാർക്കിംഗ് ഏരിയയായി ഉപയോഗിക്കുന്നതിനാൽ നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി പറഞ്ഞിരിക്കുന്നു.

വാണിജ്യാവശ്യത്തിനുള്ള കെട്ടിടമിനത്തിൽ നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടത്തിന്റെ സെല്ലാർ ഏരിയ പാർക്കിംഗ് ഏരിയയായി കണക്കാക്കുമ്പോൾ നികുതി നിർണ്ണയത്തിനുള്ള ആകെ തറവിസ്തീർണ്ണത്തിൽ നിന്നും പ്രസ്തുത ഏരിയ ഒഴിവാക്കുന്നതിന് വസ്തുനികുതി ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ ആയതുകൂടി ഉൾപ്പെടുത്തി (വസ്തുനികുതി ചട്ടങ്ങളിലെ ചട്ടം 3(4) കാണുക) കെട്ടിടത്തിന്റെ നികുതി നിർണ്ണയിക്കേണ്ടതാണ്.

മേൽ കെട്ടിടത്തിന്റെ സ്ഥല പരിശോധന നടത്തി ആകെ തറവിസ്തീർണ്ണം കണക്കാക്കേണ്ടതും

ആയതിനനുസൃതമായി ഏകീകൃത നിരക്കിൽ നികുതി നിർണ്ണയിച്ചതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതുമാണ്.

ഓഡിറ്റ് അന്വേഷണക്കുറിപ്പ് നം. – 21/11.12.23

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 പുതിയ തുറന്ന കിണർ നിർമ്മാണം - ഗ്രാമസഭ അംഗീകരിയ്ക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി.

പദ്ധതി - പുതിയ തുറന്ന കിണർ നിർമ്മാണം (19/23)

അടങ്കൽ – 7,65,000/-രൂപ (നഗരസഞ്ചയ ഫണ്ട്)

ചെലവ് - 7,65,000/-രൂപ ( 3,90,000/- ചെക്ക് നം – 6986412/19.4.22, 1,05,000/- ചെക്ക് നം –6986418/09.05.22, 60,000/- ചെക്ക് നം – 6986420/20.05.22, 75,000/- ചെക്ക് നം –6986421/28.05.22, 1,35,000/- ചെക്ക് നം – 076078/29.03.2023)

നിർവ്വഹണ ഉദ്യോഗസ്ഥൻ – വി.ഇ.ഒ

സ്പിൽ ഓവർ പദ്ധതി പ്രകാരം ഗ്രാമസഭ അംഗീകരിയ്ക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകി. 51 ഗുണഭോക്താക്കൾക്ക് പദ്ധതി പ്രകാരം കിണർ നിർമ്മാണത്തിന് ആനുകൂല്യം നൽകിയിട്ടുണ്ട്. 2021-22 അവസാനം നഗരസഞ്ചയ ഫണ്ട് ലഭിച്ചപ്പോൾ ആണ് കിണർ നിർമ്മാണം പദ്ധതി ആവിഷ്കരിച്ചത്. 16-12-21 ലെ 1(1) തീരുമാന പ്രകാരം ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ടി ലിസ്റ്റ് ഗ്രാമസഭയിൽ അംഗീകരിച്ചിട്ടില്ല. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പുതിയ തുറന്ന കിണർ നിർമ്മാണം പ്രോജക്ടിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ പേര് വിവരങ്ങൾ അടുത്ത ഗ്രാമസഭാ യോഗത്തിൽ ചർച്ച ചെയ്ത് സാധൂകരണം വാങ്ങുന്നതാണെന്ന് മറുപടി ലഭ്യമാക്കി. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്താക്കൾക്ക് മാത്രം പദ്ധതി പ്രകാരം ആനുകൂല്യം നൽകാൻ ശ്രദ്ധിക്കേണ്ടതാണ്. ഗ്രാമസഭ അംഗീകരിക്കാത്ത ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിനായി ചെലവഴിച്ച 7,65,000/-രൂപയുടെ ചെലവ് നിരാകരിക്കുന്നു.

ഓഡിറ്റ് എൻക്വയറി നമ്പർ - 4/6-12-23

നിരാകരിക്കുന്ന തുക – 7,65,000/-രൂപ

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 | 07.12.23 മുതൽ 08.12.23 വരെ | കെ.എസ്.എ.കെ.എൽ.എം.പി.8/2233/23 തീയതി – 28.12.2023 |

## 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് (രൂപ) | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2022-23 | 1,30,221/- | അനുപൂരക പോഷകാഹാര വിതരണ പരിപാടി | 1,30,221/- | 0 |
| " | " | 99,744/- | ക്ഷീര കർഷകർക്ക് പാലളവിന് ഇൻസെന്റീവ് | 99,744/- | |
| " | " | 1,22,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,22,000/- | |
| ബ്ലോക്ക് പഞ്ചായത്ത് | " | 47,175/- | ക്ഷീര കർഷകർക്ക് പാലളവിന് ഇൻസെന്റീവ് എസ്.സി.പി | 47,175/- | |
| " | " | 2,58,500/- | അനുപൂരക പോഷകാഹാര വിതരണ പരിപാടി | 2,58,500/ | |
| " | " | 4,20,000/- | ലൈഫ് ഭവന പദ്ധതി ജനറൽ | 4,20,000/-- | |
| " | " | 5,37,800/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 5,37,800/- | |
| " | " | 5,99,892/- | ക്ഷീര കർഷകർക്ക് പാലളവിന് ഇൻസെന്റീവ് | 5,99,892/- | |
| " | " | 4,00,000/- | ലൈഫ് പാർപ്പിട പദ്ധതി | 4,00,000/- | |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക (രൂപ) | വൗച്ചർ നമ്പർ/ബിൽ നമ്പർ | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| KSEB | ഇലക്ട്രിക് പോസ്റ്റ് മാറ്റിവയ്ക്കൽ | 14,121/- | 076077/ 27.03.23 | - | 14,121/- |
| കേരള വാട്ടർ അതോറിറ്റി | പൊതുടാപ്പുകളുടെ കണക്ഷൻ വിച്ഛേദിക്കൽ | 3,09,682/- | 26/15.02.23 | - | 3,09,682/- |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുക നൽകിയിട്ടില്ല.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ₹94,60,000/- വരവുണ്ട്. മുൻബാക്കി

₹10,99,398/-യടക്കം ₹1,05,59,398/- യിൽ ₹91,47,532/- തൻവർഷം വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | കെ.യു.ആർ.ഡി. എഫ്. സി ലോൺ | 94,60,000/- | 1,94,09,485/- | 29,19,261/- | - | 2,59,50,224/- |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-2003 | 3-1 | 2006-2007 | 3-12-1 | എഫ്.റ്റി.എസ്. സൂപ്പർ ആനവേഷന് ശേഷം സർവീസിൽ തുടർന്നു. | പരാമർശം നിലനിൽക്കുന്നു. |

## 4-9 ചാർജ് / സർചാർജ് നടപടികളുടെ വിവരം

(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക (രൂപ) | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 7,65,000/- | ശ്രീമതി അനീഷ്യ എസ്, വി.ഇ.ഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|

| | | |
|---|---|---|
| 1-17 | 2,35,684/- | ഡോ.ബീന, മെഡിക്കൽ ഓഫീസർ (സി.എച്ച്.സി.) |
| 1-19 | 14,121/- | ശ്രീ. ജി. രാധാകൃഷ്ണൻ, സെക്രട്ടറി |
| 1-33 | 14,057/- | ശ്രീ. ജി. രാധാകൃഷ്ണൻ, സെക്രട്ടറി |
| 1-37 | 4,63,287/- | ശ്രീ. ജി. രാധാകൃഷ്ണൻ, സെക്രട്ടറി |
| ആകെ | 7,27,149/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ജി. രാധാകൃഷ്ണൻ, സെക്രട്ടറി | സെക്രട്ടറി, ഓച്ചിറ ഗ്രാമപഞ്ചായത്ത് | പ്രായിക്കാട്ടുശ്ശേരിയിൽ, പ്രയാർ സൗത്ത്, ആലുംപീടിക പി. ഒ, ഓച്ചിറ |
| ഡോ.ബീന മെഡിക്കൽ ഓഫീസർ | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി | ശ്രീപാദം, വാളച്ചൽ, വള്ളികുന്നം |
| ശ്രീമതി അനീഷ്യ എസ്, വി.ഇ.ഒ | വി.ഇ.ഒ, ഏരൂർ ഗ്രാമപഞ്ചായത്ത് | വള്ളപ്പള്ളിൽ, മരു.തെക്ക്, ആലുംകടവ് പി.ഒ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1995-96 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 7 |
| 1996-97 & 1998-99 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2001-2002 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2002-2003 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 2 |
| 2003-2004 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2004-2005 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 4 |
| 2005-2006 | കെ.എസ്.എ.കെ.എൽ.എം.പി 8 -394/2018, തീയതി.21/2/18 | 1 |
| 2007-2008 | കെ.എസ്.എ.കെ.എൽ.എം.പി 8/722(1)/19 തീയതി. 29/05/2019 | 1 |
| 2008-2009 | കെ.എസ്.എ.കെ.എൽ.എം.പി 8/722(2)/19 തീയതി.29/05/2019 | 3 |

| | | |
|---|---|---|
| 2009-2010 | കെ.എസ്.എ.കെ.എൽ.എം.പി 8/722(3)/19 തീയതി.29/05/2019 | 3 |
| 2015-16 | കെ.എസ്.എ.കെ.എൽ.എം-പി8/അദാലത്ത് 2015-16/200/22; 22.08.22 | 3 |
| 2016-17 | കെ.എസ്.എ.കെ.എൽ.എം-8/1976/17;25.4.2018 | 11 |
| 2017-18 | കെ.എസ്.എ.കെ.എൽ.എം-പി8/1894/18;14/3/19-28/3/19 | 24 |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി8/1034/19/22/05/20 | 10 |
| 2019-20 | കെ.എസ്.എ.കെ.എൽ.എം-പി8/1277/21, 12-11-21 / 19-01-22 | 12 |
| 2020-21 | കെ.എസ്.എ.കെ.എൽ.എം-പി8/8/1276/ 21, 19/03/2022 | 23 |
| 2021-22 | കെ.എസ്.എ.കെ.എൽ.എം-പി8/1833/22 തീയതി 31.12.2022 | എല്ലാ ഖണ്ഡികകളും |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 2(1) dated 30-06-2023 and submitted on 26-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03- 2023 , with supporting forms, of the Oachira Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Oachira Grama Panchayat for the year 2022-2023

Date: 28/12/2023

Deputy Director
District Office Kollam
Kerala State Audit Department

## Audit Report appended to the Audit Certificate of Oachira Grama Panchayat for the Year 2022-2023 .

**1.Major Observations**

Nil

**2.Other Observations**

Other Qualifications

1) The following mandatory financial statements prescribed in accounting rules are not submitted for audit

Ratios, Notes on account

2) Cashflow statement- Net increase/decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalents.

3) Demand register entries with book adjustments does not match with Financial statements

(i) Property tax

4) The following registers are not maintained/does not match with accounts/not reliable for audit

Asset Register

5) Lapses in making timely and accurate demand entries in respect of tax and non tax revenue.

6) Lack of authenticated journal vouchers for supporting the adjustment entries recorded in-Prior period items.

7) Further action not taken for `Cheque deposited, not credited entries` in the reconciliation statement.

8) Receipt and Payment voucher misclassification.

9) Monthly reconciliation of ledger balances not prepared.

10) Expenditure mentioned in the Annual financial statement varies to that in Appropriation control Registers in respect of Development fund ( G ) and Maintenance fund -Road.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ ഓച്ചിറ ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം<br>
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 3

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്